بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 5

ലക്കം 51

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഡിസംബർ 17/ഹി.ശം. 1399 ഫതഹ് 17/1442 ജമാദുൽ അവ്വൽ 1

## അല്ലാഹുവിന്റെ വചനം

وَلِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ ؕ
وَكَفٰى بِاللّٰهِ وَكِيْلًا ○ اِنْ يَّشَاْ يُذْهِبْكُمْ
اَيُّهَا النَّاسُ وَيَاْتِ بِاٰخَرِيْنَ ؕ وَكَانَ اللّٰهُ
عَلٰى ذٰلِكَ قَدِيْرًا ○ (النساء:133، 134)

'ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റേതു തന്നെയാകുന്നു. കാര്യനിർവാഹകനായി അല്ലാഹു മതിയായവനാണ്. ഓ ജനങ്ങളേ! അവൻ ഉദ്ദേശിക്കുന്ന പക്ഷം നിങ്ങളെ അവൻ നശിപ്പിക്കുകയും (പകരം) മറ്റാളുകളെ കൊണ്ടുവരികയും ചെയ്യും. അല്ലാഹു അതിന് പൂർണമായും കഴിവുള്ളനാണ്.' (4:133–134)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### ഖുത്ബയ്ക്കിടയിൽ നമസ്കാരത്തിനെത്തുന്നവർ രണ്ടു റക്അത്ത് ലഘുവായി നമസ്കരിക്കുക.

**(931)** ഹദ്റത്ത് ജാബിർ(റ) നിവേദനം: ഒരു വെള്ളിയാഴ്ച നബി(സ)തിരുമേനി ഖുത്ബ നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ മസ്ജിദിൽ കയറി വന്നു. അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: 'ഇന്നവനേ, നീ നമസ്കരിച്ചുവോ?' ഇല്ലെന്ന് അയാൾ മറുപടി നല്കി. നബി(സ)തിരുമേനി പറഞ്ഞു, 'നീ എഴുന്നേറ്റ് നമസ്കരിക്കുക.'

ഹദ്റത്ത് സയ്യിദ് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്(റ) ഈ ഹദീഥിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: ഖുത്ബ നടക്കുന്നതിന്നിടയിൽ നഫ്ൽ നമസ്കരിക്കുന്നത് ഇമാം മാലിക്കിന്റെ പക്കൽ അനുവദനീയമല്ല. പ്രത്യുത നഫ്ലുകൾ നിർവഹിക്കുന്നതിനെക്കാൾ മുൻഗണന ഖുത്ബ കേൾക്കുക എന്ന കല്പന പാലിക്കുന്നതിനാണ്.

അദ്ദേഹം പറയുന്നു, ' ഖുത്ബ കേൾക്കുക എന്നത് തഹ്യ്യത്തുൽമസ്ജിദുമായി ബന്ധപ്പെട്ട ഈ നഫ്ലിനെക്കാൾ പ്രഥമമാണെങ്കിൽ നബി(സ)തിരുമേനി ഖുത്ബ നടക്കുന്നതിന്നിടയിൽ ഹദ്റത്ത് സുലയ്ക് ഗത്ഫാനിയോടു നഫ്ൽ നമസ്കരിക്കാൻ പറഞ്ഞതെന്തിനാണ്. നബിയുടെ ഈ നിർദേശം വിളിച്ചോതുന്നത് രണ്ടു കല്പനയും അതാതിന്റെ സ്ഥലത്ത് നിർവഹിക്കൽ അനിവാര്യമാണെന്നാണ്. അവയിൽ ഒരു വൈരുദ്ധ്യവുമില്ല. ഖുത്ബ നടന്നുകൊണ്ടിരിക്കുമ്പോൾ വരുന്നയാൾ ആദ്യമെ തഹ്യ്യത്തുൽ മസ്ജിദ് നമസ്കരിക്കുക എന്ന കല്പന പാലിക്കുമ്പോൾ ആ നേരത്ത് ശ്രോതാക്കളിൽ ഗണിക്കപ്പെടുന്നതായിരിക്കും. **(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽ ജുമുഅ)**

## ഈ ലക്കത്തിൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്ബ ജുമുഅ 2020 നവംബർ 13 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

**കേവലം ഡോക്ടർമാരിലും ചികിത്സയിലും വിശ്വാസമർപ്പിക്കുക എന്നത് ബുദ്ധിപരമല്ല. പരലോകത്തിലും വിശ്വാസമുണ്ടാകണമെന്ന് അല്ലാഹു ഇച്ഛിക്കുന്നു.**

**അജ്ഞനായ മനുഷ്യൻ കഠിനമായ രോഗങ്ങൾക്ക് വിധേയനാകുമ്പോൾ അല്ലാഹുവിനെ വിളിക്കുന്നു. അങ്ങനെ പരീക്ഷണമെന്ന നിലയിൽ അവന് നീട്ടികിട്ടുന്നു. പിന്നീട് മരിക്കുക തന്നെയില്ലെന്ന നിലയിൽ ഒരു 'നിയമം' സ്ഥാപിക്കുകയും തന്ത്രം പ്രയോഗിക്കുകയും ചെയ്യുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**താക്കീതുപരമായ പ്രവചനങ്ങൾ**

**തൗബയും ഇസ്തിഗ്ഫാറുംകൊണ്ട് നീങ്ങിപ്പോകാവുന്നതാണ്:**

താക്കീതുപരമായ പ്രവചനങ്ങൾ തൗബയും ഇസ്തിഗ്ഫാറുംകൊണ്ട് നീങ്ങിപ്പോകാവുന്നതാണ്. എത്രത്തോളമെന്നാൽ നരകത്തിന്റെ താക്കീതും നീങ്ങിപ്പോകാവുന്നതാണ്. ആളുകൾ ഈ ഭാഗത്തേക്ക് മടങ്ങുകയും ശ്രദ്ധിക്കുകയും ചെയ്യട്ടെ. അങ്ങനെയായാൽ അല്ലാഹു ഇച്ഛിച്ചാൽ ആ രാജ്യത്തേയും ഭൂഭാഗത്തേയും സുരക്ഷിതമാക്കി വെക്കുന്നതായിരിക്കും. അവൻ ഇച്ഛിക്കുന്നത് ചെയ്യുന്നു. അവൻ പറയുന്നു: **ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലൗലാ ദുആഉക്കും** പറയുക, നിങ്ങളുടെ പ്രാർഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്. ഇടവഴിതോറും വൈദ്യന്മാരുണ്ടെന്നും ഡോക്ടർമാരുണ്ടെന്നും ആശുപത്രികളുണ്ടെന്നും ആളുകൾ പറയുന്നു. അവർ ക്ഷണത്തിൽ ചികിത്സിച്ച് രോഗം സുഖപ്പെടുത്തുമോ? എന്നാൽ, അവർക്കറിയില്ല, ബോംബെയിലും കറാച്ചിയിലും വലിയ വലിയ ഡോക്ടർമാരായ എത്രപേരാണ് സ്വയം രോഗംപിടിപ്പെട്ട് മരിച്ചത്? ഈ സേവനത്തിന് നിയമിതരായി പോയവരാണ്;സ്വയം ഇരകളാകുകയും ചെയ്തു. ഇത് അല്ലാഹു തന്റെ നിയന്ത്രണങ്ങൾ പ്രദർശിപ്പിക്കുകയാണ്. കേവലം ഡോക്ടർമാരിലും ചികിത്സയിലും വിശ്വാസമർപ്പിക്കുക എന്നത് ബുദ്ധിപരമല്ല. പരലോകത്തിലും വിശ്വാസമുണ്ടാകണമെന്ന് അല്ലാഹു ഇച്ഛിക്കുന്നു. ആളുകൾ ശക്തിചെലുത്തി കാണിക്കുക; എപ്രകാരം മനുഷ്യൻ ഒരു ചാൺ വയറിനുവേണ്ടി മരിക്കുകയും ഗൂഢാലോചനകൾ നടത്തുകയും കേസുകളുടെ കഷ്ടപ്പാടുകൾ വഹിക്കുകയും ചെയ്യുന്നതുപോലെ അല്ലാഹുവിന്റെ ഏതെങ്കിലും കല്പന പാലിക്കാത്തതുകൊണ്ട് അത്തരം അസ്വസ്ഥതയും സങ്കടവും അവരുടെ ഉള്ളിൽ തോന്നുന്നുണ്ടോ? ഒരിക്കലുമില്ല. അജ്ഞനായ മനുഷ്യൻ കഠിനമായ രോഗങ്ങൾക്ക് വിധേയനാകുമ്പോൾ അല്ലാഹുവിനെ വിളിക്കുന്നു. അങ്ങനെ പരീക്ഷണമെന്ന നിലയിൽ അവന് നീട്ടികിട്ടുന്നു. പിന്നീട് മരിക്കുക തന്നെയില്ലെന്ന നിലയിൽ ഒരു 'നിയമം' സ്ഥാപിക്കുകയും തന്ത്രം പ്രയോഗിക്കുകയും ചെയ്യുന്നു. നിസാരരോഗംകൊണ്ട് മരിച്ചാലും അതിന്റെ ചെറിയസ്വാധീനം മനസ്സുകളിലുണ്ടാകുന്നു. രണ്ടുമൂന്നു ദിവസംവരെ പേരിനെങ്കിലും നിലനില്ക്കുന്നു. പിന്നീട് അതേ ചിരിയിലും സുഖത്തിലും ഖബ്ർസ്ഥാനിൽപോകുകയും മൃതശരീരമായി കുഴിച്ചിടുകയും ചെയ്യുന്നു. എന്നാൽ, തങ്ങളും അവസാനം ഒരുനാൾ മരിച്ച് ദൈവസന്നിധയിൽ പോകുന്നവരാണെന്ന് ഒരിക്കലും ചിന്തിക്കുന്നില്ല. ഇപ്പോൾ നിസാരമായ മരണങ്ങളും സ്വാധീനമുണ്ടാക്കുന്നില്ലെന്ന് അല്ലാഹു കണ്ടു.......അതുകൊണ്ട് അല്ലാഹു രണ്ടാമത്തെ കുറിപ്പടി കൈക്കൊള്ളുകയും പ്ലേഗുമുഖേന ജനങ്ങളെ ജാഗ്രതപ്പെടുത്താൻ ഇച്ഛിക്കുകയും ചെയ്തു.**(മൽഫൂദാത്ത് വാള്യം 1, പേജ് 233 – 234, പ്രസാധനം ഖാദിയാൻ 2018)**

**വിശുദ്ധ ഖുർആൻ മുഖേന മുഴുലോകത്തും ജിഹാദു ചെയ്യുക. ഏറ്റവും വലിയ ജിഹാദ് പ്രബോധനപരമായ ജിഹാദാണ്.**

**13 നൂറ്റാണ്ടായിട്ടും മുഴുലോകത്തും ഇസ്ലാം പ്രചരിച്ചിട്ടില്ലെങ്കിൽ അതിനുകാരണം ഈ വാൾ തുരുമ്പ് പിടിച്ചതല്ല. പ്രത്യുത അതിന്റെ വലിയ കാരണം മുസ്ലിമീങ്ങൾ ഈ വാൾ പ്രയോഗിക്കുന്നത് ഉപേക്ഷിച്ചതാണ്.**

**ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറൻ** എന്ന ആയത്തിന്റെ തഫ്സീറിൽ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

അല്ലാഹു പറയുന്നു: നീ ആ അവിശ്വാസികൾ പറയുന്നത് വിശ്വസിക്കരുത്. പ്രത്യുത വിശുദ്ധ ഖുർആൻ മുഖേന മുഴുലോകത്തോടും ജിഹാദ് ചെയ്യുക. ഏറ്റവും വലിയ ജിഹാദ് പ്രബോധനത്തിന്റെ ജിഹാദാണ്. അതിന്റെ അടുത്തുപോകാൻപോലും ഇക്കാലത്തെ മുസ്ലിമീങ്ങൾ അറയ്ക്കുകയാണ്. അവർ ഈ ജിഹാദിൽനിന്ന് യഥാർഥ ജിഹാദ് വാളുകൊണ്ടുള്ളതാണെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ്. ശത്രുക്കൾ വളരെ ശക്തരായതുകൊണ്ടാണ് വാളിന്റെ ജിഹാദിൽനിന്ന് ഓടുന്നത്. 'മുസ്ലിമീങ്ങളേ! മുന്നോട്ടു കുതിക്കുകയും പോരാടുകയും ചെയ്യുക എന്ന് മൗലവി ഫത്‌വാ നല്കുന്നു. ആദരണീയരായ ആലിമീങ്ങളേ! നിങ്ങൾ മുന്നോട്ടു കുതിക്കുകയും പോരാടുകയും ചെയ്യുക എന്ന് മുസ്ലിമീങ്ങൾ പറയുന്നു. കാരണം നിങ്ങൾ ഞങ്ങളുടെ നേതാക്കന്മാരാണ്. മാർഗദർശികളാണ്. പിന്നീട് ഇരുകൂട്ടരും അവരവരുടെ വീടുകളിലേക്ക് ഓടുന്നു. വാസ്തവത്തിൽ ഒരിക്കലും തുരുമ്പ് പിടിക്കാത്ത വാളാണ് അല്ലാഹു നമുക്കു നല്കിയത്. ഒരുയുദ്ധത്തിലും അതു പൊട്ടിപ്പോകുകയുമില്ല. 13 നൂറ്റാണ്ടുകൾ കഴിഞ്ഞു. ദുൻയാവിലെ അതിശക്തരായ ജനതകൾപോലും ഈ വാളിനെ ഒടിക്കാനും കഷണംകഷണമാക്കാനും അതിനെഎന്നെന്നേക്കുമായി ഉപയോഗശൂന്യമാക്കാനും ആഗ്രഹിച്ചു. എന്നാൽ, ഈ വാളിനെ തകർക്കാൻ അവരെക്കൊണ്ട് കഴിഞ്ഞില്ല. ഈ ഖുർആനാണ് അല്ലാഹു നമുക്ക് നല്കിയത്. ഈ വാൾമുഖേന നമുക്ക് മുഴുവൻ ലോകത്തേയും കീഴടക്കാൻ കഴിയും. പറയുന്നു: **ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറൻ** വാൾകൊണ്ടുള്ള ജിഹാദും ശരീരേച്ഛയോടുള്ള ജിഹാദും മറ്റുള്ള എല്ലാ ജിഹാദും ചെറുതാണ്. ഖുർആനിന്റെ പ്രചാരണജിഹാദു മാത്രമാണ് ഏറ്റവും വലുതും മഹത്തായതുമായ ജിഹാദ്.

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُولُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

## കറാത്തുസ്സാദിഖീൻ എന്ന ഗ്രന്ഥത്തിന് തത്തുല്യമായത് കൊണ്ടുവന്നാൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് ആയിരം രൂപ ഇനാം.

മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് കളവും കറ്റുകെട്ടും നിറഞ്ഞ ഒരു ലേഖനം തന്റെ മാസികയായ ഇശാത്തുസ്സുന്ന വാല്യം 15, നമ്പർ 1, 1893 ജനുവരി മാസത്തിൽ പ്രസിദ്ധീകരിച്ചു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഗ്രന്ഥവും കളവിൽനിന്ന് മുക്തമല്ലെന്നും അവിടത്തെ പ്രവചനം സത്യമായി പുലർന്നിട്ടില്ലെന്നും അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ മുൽഹം, വലിയ്യ്, മുഹദ്ദഥ്, അല്ലാഹുവിന്റെ സംബോധിതൻ എന്നു പറയാൻ പറ്റുകയില്ലെന്നുമുള്ള ആക്ഷേപങ്ങളും ഉന്നയിച്ചു; ജമാഅത്തിന് ജാഹിലീങ്ങളുടേയും വിഢ്ഢികളുടേയും ജമാഅത്താണെന്ന് പേരുമിട്ടു. അദ്ദേഹം എഴുതി: 'അയാളുടെ ചില ശിഷ്യന്മാർ മദ്യം കുടിക്കുന്നു.' ആ മഹാത്മാവിനെ പെരുങ്കള്ളനെന്നും ദജ്ജാലെന്നും കറ്റുകെട്ടുകാരനെന്നും പറഞ്ഞുകൊണ്ടെഴുതി: 'അയാളുടെ നാഡിഞരമ്പുകളിൽ കളവ് കലർന്നിരിക്കുകയാണ്.' ഇപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടയാളങ്ങൾ കണ്ടുകൊണ്ട് പറഞ്ഞു: 'ചിലപ്പോൾ കള്ളവാദികളേയും അല്ലാഹു സഹായിക്കാറുണ്ട്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടയാളങ്ങൾ ജ്യോതിശ്ശാസ്ത്രവും ആഭിചാരവും മുഖേന വെളിപ്പെടുന്നതാണെന്നും പറഞ്ഞു.

ഇതിനുള്ള മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ ആക്ഷേപം പുതിയതൊന്നുമല്ല. അല്ലാഹുവിന്റെ സാത്വികരായ എത്രയാളുകൾ ലോകത്ത് വന്നിട്ടുണ്ടോ ദുർവൃത്തരായവർ അവരിൽ ഇതേ ആക്ഷേപമാണ് ഉന്നയിച്ചത്; ഇവൻ കള്ളനാണ്. പെരുങ്കള്ളനാണ്, കറ്റുകെട്ടിപ്പറയുന്നവനാണ്. ഭോഗേച്ഛുവാണ്, ധനം കൊള്ളയടിക്കുന്നവനാണ്. പക്ഷേ, ലോകർക്ക് ഈ ഇരുകക്ഷികളുടേയും ഇടയിൽ തീരുമാനമെടുക്കാൻ കഴിയാതെ വന്നപ്പോൾ, അവസാനം ഏതൊരുവന്റെ ദൃഷ്ടിയാണോ മനസ്സുകളുടെ പാതാളം വരെയെത്തുന്നത് അവൻ തന്റെ ദിവ്യതീരുമാനത്താൽ ആരാണ് പെരുങ്കള്ളനെന്നും ആരാണ് സത്യവാനെന്നും വ്യക്തമായ നിലയിൽ കാണിച്ചു. (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാല്യം 5, പേജ് 597)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'യഥാർഥത്തിൽ മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയിൽനിന്ന് എന്തൊന്നാണോ വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്, അത് അദ്ദേഹത്തിന്റെ അഹങ്കാരം കാരണത്താലാണ്; അയാൾ തന്നെ സ്വയം വലിയ പണ്ഡിതനാണെന്നും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും അവിടത്തെ ജമാഅത്തിനേയും അവിടത്തെ സ്വഹാബികളേയും ജാഹിലെന്ന് നിശ്ചയിക്കുകയും ചെയ്യുന്നു; അവരുടെ പേരുകൾ നിന്ദ്യതയോടെയാണ് പറയുന്നത്.' അവിടന്ന് പറഞ്ഞു:

'അല്ലാഹു അത്തരക്കാരിൽനിന്ന് അവന്റെ അഭയത്തിൽ വെക്കുമാറാകട്ടെ. അവർ ഇബ്‌ലീസിന്റെ പുതപ്പണിഞ്ഞ് തങ്ങളുടെ അഹങ്കാരംകൊണ്ട് ഹം ചൂമൻ ദീഗരേ നീസ്ത് (നാമാണെല്ലാം. മറ്റുള്ളവർ ഒന്നുമല്ല) എന്നു പറഞ്ഞുനടക്കുകയും തങ്ങളുടെ മന്ദബുദ്ധിയാൽ മറ്റുള്ളവരെ വിമർശിക്കുകയും ചെയ്തുകൊള്ളട്ടെ. ഞാൻ സത്യമായും പറയുന്നു: ഖിയാമത്തുനാൾ ശിർക്കിനു ശേഷം അഹങ്കാരംപോലെ മറ്റൊരു നാശവുമില്ല. ഇത് ഇരുലോകത്തും മനുഷ്യനെ നിന്ദ്യനാക്കുന്ന ബലായാണ്. അല്ലാഹുവിന്റെ കരുണ എല്ലാ ഓരോ ഏകദൈവവിശ്വാസിയേയും രക്ഷിക്കുന്നു. എന്നാൽ, അഹങ്കാരിയെ രക്ഷിക്കുകയില്ല. ശയ്ത്വാനും ഏകദൈവവിശ്വാസിയാണെന്ന വാദം മുഴക്കുന്നു. പക്ഷേ, അവന്റെ തലയിൽ അഹങ്കാരമാണ്. ആദം അല്ലാഹുവിന്റെ ദൃഷ്ടിയിൽ പ്രിയപ്പെട്ടവനായിരുന്നു. എന്നാൽ അവൻ അദ്ദേഹത്തെ നിന്ദാദൃഷ്ടിയോടെ നോക്കുകയും വിമർശിക്കുകയും ചെയ്തപ്പോൾ നശിപ്പിക്കപ്പെട്ടു. ശാപവളയം അവന്റെ കഴുത്തിലിടപ്പെട്ടു. ഒരു വ്യക്തി നശിപ്പിക്കപ്പെട്ട ആദ്യത്തെ പാപം അഹങ്കാരം തന്നെയായിരുന്നു.' (Ibid പേജ് 598)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വിവരണം കളവിൽനിന്നും കറ്റുകെട്ടിൽനിന്നും തികച്ചും പരിശുദ്ധവും അത് അവസരോചിതവും അഗാധമായ യാഥാർഥ്യവും സത്യതയും കൊണ്ട് നിർഭരവുമാണ്. അവിടന്ന് പറഞ്ഞു:

'ബട്ടാലവി സാഹിബ് റഈസുൽമുത്തക്കബ്ബിരീനാണെന്നത് (അഹങ്കാരികളുടെ നേതാവ്)എന്റെ മാത്രം ചിന്താഗതിയല്ല. പ്രത്യുത മുസ്‌ലിമീങ്ങളിൽ വലിയൊരു സംഘം ഇതിന് സാക്ഷി പറയുന്നുണ്ട്. അതിനോടൊപ്പം അഹങ്കാരം എന്തു കാരണത്താലാണെന്നും എന്തിന്റെ അടിസ്ഥാനത്തിലാണെന്നും എന്ന കാര്യത്തിൽ ആളുകൾ അത്ഭുതപ്പെടുകയാണ്. ഉദാഹരണത്തിന് തന്നെ സൃഷ്ടികളിൽ ഉത്തമനായി മനസ്സിലാക്കിയതുകൊണ്ടാണ് ശയ്ത്വാൻ അഹങ്കാരിയായത്. തന്നെക്കുറിച്ച് ഖലഖ്തനീ മിൻന്നാരിൻ എന്ന വീരവാദം മുഴക്കുകയും ഹദ്റത്ത് സ്വഫിയുല്ലായുടെമേൽ ഖലഖ്തഹു മിൻത്വീൻ എന്ന് പറഞ്ഞ് ആക്ഷേപിക്കുകയും ചെയ്തു. ഹദ്റത്ത് ബട്ടാലവി സാഹിബ് മറ്റുള്ളവരെ അപേക്ഷിച്ച് തന്നെ ഒരു പ്രത്യേക നിലയിൽ ഇരുകക്ഷികളിലും ഉത്തമനായി കരുതുന്നു. അപ്പോൾ അദ്ദേഹം അതിന് എന്തെങ്കിലും തെളിവ് നല്കേണ്ടതാണ്; ഒന്നോ അരയോ തെളിവെങ്കിലും സമർപ്പിക്കേണ്ടതാണ്. അഹങ്കാരത്തിന്റെ അടിസ്ഥാനം എത്തരത്തിലുള്ള ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ്? മിയാൻ ശെയ്ഖുൽ കുല്ലോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ കരസ്ഥമാക്കിയിട്ടുണ്ടോ? അതിനു തെളിവ് വേണം. കാരണം എന്തറിവാണ് അദ്ദേഹത്തിനുള്ളതെന്ന് ഇതുവരെ നമുക്ക് അറിയില്ല. വൈദ്യനാണോ, ഫിലോസഫറാണോ, അല്ലെങ്കിൽ ജ്യോതിശാസ്ത്രജ്ഞനാണോ, തർക്കശാസ്ത്രജ്ഞനാണോ, അല്ലെങ്കിൽ എഴുത്തുകാരനാണോ, വിശുദ്ധഖുർആനിന്റെ യാഥാർഥ്യങ്ങളിലും ജ്ഞാനങ്ങളിലും പ്രഗത്ഭനാണോ അല്ലെങ്കിൽ ഇമാം ബുഖാരിയെപോലെ ലക്ഷക്കണക്കിന് ഹദീഥ് നാവിൻതുമ്പത്തുണ്ടോ? ഇക്കാര്യങ്ങളിലൊന്നുമില്ലെങ്കിൽ, ശയ്ത്വാന്റെ അഹങ്കാരമല്ലാതെ മറ്റെന്താണ് അദ്ദേഹത്തെക്കുറിച്ച് സ്ഥാപിതമാകുന്നത്?'

അവിടന്ന് പറഞ്ഞു: 'ഓർമിക്കുക. അഹങ്കാരിക്ക് കളവ് നിർബന്ധമായിരിക്കുന്നു. എന്നല്ല ഏറ്റവും വൃത്തികെട്ട കളവെന്താണെന്നാൽ അത് അഹങ്കാരവുമായി ചേർന്ന് പ്രകടമാകുന്നു. ഇക്കാരണത്താലാണ്, അല്ലാഹു അഹങ്കാരിയുടെ തല ഏറ്റവുമാദ്യം തകർത്തത്. അതുകൊണ്ട് ഇപ്പോഴും അതുപോലെ തകർക്കുന്നതായിരിക്കും.'

അവിടന്ന് പറഞ്ഞു: 'ഞാൻ സത്യമായും പറയുന്നു. ഞാൻ കാണുന്നു. മിയാ ബട്ടാലവിയുടെ അടിവേരുകളിൽ കളവ് പടർന്നുപിടിച്ചിട്ടുണ്ട്. അഹങ്കാരത്തിന്റെ വൃത്തികെട്ട സ്വഭാവം വീണ്ടും കളവിനെ വിഷമയമാക്കിയിരിക്കുന്നു. സാത്താനികമായ അഹന്ത അതിന്റെ മുഴുവൻ ഭാരവും അദ്ദേഹത്തിന്റെമേൽ ഇട്ടിരിക്കുന്നു. അതുകൊണ്ടാണ് ഒരു ശക്തിയോടുകൂടി കളവിന്റെ മാലിന്യം അയാളുടെ വായിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നത്. (Ibid പേജ് 599)

അവിടന്ന് പറഞ്ഞു: 'എനിക്ക് സത്യം ചെയ്ത് പറയാൻ കഴിയും, എന്റെ സേവ്യനായ സ്നേഹിതൻ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് *ബാറക്കല്ലാഹു തആലാ ഫീ മജ്ദിഹീ വ ഇൽമിഹീ വ ബഖാഇഹീ വ രിസ്ഖി ഇബാദിഹീ മിൻ നഫഹാത്തി ഫുയൂളിഹീ വ ബറക്കാത്തി നൂരിഹീ വ ളിയാഇഹീ* ഒരു ഭാഗത്തുനിന്നുകൊണ്ട് വിശുദ്ധഖുർആനിന്റെ ദിവ്യജ്ഞാനങ്ങൾ വിവരിക്കുകയും, മറുഭാഗത്തുനിന്ന് മിയാൻ ബട്ടാലവി 'ഫുർഖാനെ ഹമീദിൽ'നിന്ന് കുറച്ച് യാഥാർഥ്യങ്ങൾ വിവരിക്കാനാഗ്രഹിക്കുകയും ചെയ്താൽ എനിക്ക് ദൃഢവിശ്വാസമുണ്ട്, ഞാൻ കണ്ടുകൊണ്ടിരിക്കുന്നതുപോലെ അദ്ദേഹത്തിന്നെതിരിൽ ഈ പാവം അരമുല്ല, അഹങ്കാരവും ഗർവ്വും പിടിക്കപ്പെട്ട ബട്ടാലവി എങ്ങനെ പരാജിതനും പിന്നിലേക്ക് തള്ളപ്പെട്ടവനുമാകുമെന്നാൽ എല്ലാ ഓരോ ബുദ്ധിമാനും അതുകണ്ട് ചിരിക്കുന്നതായിരിക്കും. എനിക്ക് എല്ലാ തവണയും ആശ്ചര്യപ്പെടുകയാണ്. ഈ ഇരുട്ടിന്റെ ഏഷണിക്കാരൻ തന്റെ അനുചിതമായ അഹങ്കാരവും വ്യക്തമായ കളവും നിലനില്ക്കെ തന്റെ കുപ്പായത്തിന്റെ കഴുത്തിലേക്ക് എന്തുകൊണ്ട് നോക്കുന്നില്ല? വൃത്തികെട്ട ആത്മാവുകൊണ്ട് ഉലമാഇന്റെയും ഫുള്ലാഇന്റെയും പേരുകൾ നിന്ദ്യതയോടെ പറയുകയും ചെയ്യുന്നു. (Ibid പേജ് 600)

ഇതിന്റെ തീരുമാനം എളുപ്പമാണ്. ആക്ഷേപകർ ഒരു സമ്മേളനം സംഘടിപ്പിച്ച് എനിക്കുണ്ടായ ഇൽഹാമുകളിൽ അവരുടെ അഭിപ്രായത്തിൽ 'തെറ്റു'ള്ളത് അവതരിപ്പിക്കുക; ഭാവനാപരവും അനുമാനപരവുമായ സ്വപ്നവ്യാഖ്യാനത്തിലല്ല. അതുപോലെതന്നെ പറഞ്ഞു: 'ഈ വിനീതന്റെ ഒരു പ്രവചനവും ദൈവകൃപയാൽ ഇന്നുവരെ കളവായിട്ടില്ല. എന്തായാലും മൂവായിരത്തോളം ഇപ്പോൾ സത്യമായി പുലർന്നിരിക്കുന്നു. പുലർന്നുകൊണ്ടിരിക്കുകയുമാണ്. (Ibid പേജ് 600)

കളവു പറയുകയും അനുവദനീയമല്ലാത്ത ധനം തിന്നുകയും ചെയ്തു എന്ന ആക്ഷേപത്തിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: താങ്കളെപോലുള്ള പൗരുഷമില്ലാത്ത കറ്റുകെട്ടുകാർ എല്ലാ നബിമാരുടെമേലും ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഹദ്റത്ത് ഇബ്റാഹീം(അ)ന്റെമേലും ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഹദ്റത്ത് ഹദ്റത്ത് മൂസായുടേയും ഹദ്റത്ത് ഈസായുടേയുംമേലും അവർ നിഷിദ്ധധനം തിന്നുവെന്ന് അപരാധം പറഞ്ഞു. ഇക്കാലത്തെ ക്രിസ്ത്യാനികളും മറ്റും അത്തരത്തിലുള്ള ആക്ഷേപം നബി(സ) തിരുമേനിയുടെമേൽ ഉന്നയിക്കുകയും ചെയ്യുന്നുണ്ട്. ഇന്ന കച്ചവട സംഘത്തിന്റെ ധനം യുദ്ധമൊന്നും ഇല്ലാതിരുന്ന അവസ്ഥയിൽ കൊള്ളയടിച്ചുവത്രെ! ഈ ആക്ഷേപങ്ങൾകൊണ്ട് അവരുടെ ഗ്രന്ഥങ്ങൾ നിറഞ്ഞു കിടക്കുകയാണ്.(Ibid പേജ് 600)

(ശേഷം പേജ് 12ൽ)

# ഖുത്ബ ജുമുഅ

## നബി(സ)തിരുമേനിയുടെ ഉന്നതരായ ബദ്രി സ്വഹാബിമാരായ ഹദ്റത്ത് അബ്ദുല്ലാഹു ബിൻ അംറിന്റേയും ഹദ്റത്ത് സിമാക് ബിൻ ഖറശുടേയും(അബൂദുജാന)സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

മഹ്ബൂബ് ഖാൻ സാഹിബ്(ശഹീദ്) പെശാവർ പാക്കിസ്താൻ, മുബല്ലിഗ് ഫഖ്ർ അഹ്മദ് ഫർഖ് സാഹിബ് പാക്കിസ്താൻ, അദ്ദേഹത്തിന്റെ മകൻ അസീസം ഇഹ്തിശാം അഹ്മദ് അബ്ദുല്ലാഹ്, റിട്ടയേർഡ് ഇക്ണോമിക് അഡ്വൈസർ ബാങ്ക് ഓഫ് പാക്കിസ്താൻ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2020 നവംബർ 13/1399 നുബുവ്വത്ത് 13**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് ബദ്രീ സ്വഹാബത്തിനെ കുറിച്ച് പറയുന്നതാണ്. ഏറ്റവുമാദ്യം ഞാൻ ഒരു വിശദീകരണം നൽകാനാഗ്രഹിക്കുന്നു. രണ്ടു ഖുത്ബയ്ക്കുമുമ്പേ ഹദ്റത്ത് മുആദ് ബിൻ ജബലിനെ കുറിച്ച് പരാമർശിച്ചപ്പോൾ അതിൽ പ്ലേഗിനെ സംബന്ധിച്ച് പറയപ്പെട്ട മുസ്നദ് അഹ്മദ് ബിൻ ഹമ്പലിലെ ഒരു നിവേദനമുണ്ടായിരുന്നു. നബി(സ)തിരുമേനി, 'നിങ്ങൾ അടുത്തുതന്നെ സിറിയയിലേക്ക് പലായനം ചെയ്യുമെന്നും അത് നിങ്ങളുടെ കൈകളാൽ വിജയിക്കുമെന്നും പക്ഷേ, അവിടെ അകത്ത് പഴുപ്പോ ദുർന്നീരോ നിറഞ്ഞുണ്ടാകുന്ന കുരുവുള്ള ഒരു രോഗം നിങ്ങളിൽ പടരുമെന്നും അത് മനുഷ്യനെ കോണിയുടെ കാലുകളിലൂടെ പിടിക്കുമെന്നും പറഞ്ഞിരുന്നു.' ഈ തർജമയിൽ തെറ്റുണ്ടായിരുന്നു. ശരിയായ തർജമ പറയാൻ കഴിഞ്ഞിരുന്നില്ല. ഇതുകൊണ്ട് കാര്യം വ്യക്തവുമായിരുന്നില്ല. ഇതുസംബന്ധമായി ശരിയായ തർജമയോടുകൂടിയുള്ള നിവേദനം വീണ്ടും വിവരിക്കുകയാണ്.

ഇസ്മായീൽ ബിൻ ഉബയ്ദുല്ലാഹ്(റ) നിവേദനം. ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) പറഞ്ഞു: ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു: 'നിങ്ങളെല്ലാം സിറിയയിലേക്ക് പലായനം ചെയ്യും. അത് നിങ്ങൾ ജയിച്ചടക്കുന്നതാണ്. അവിടെ നിങ്ങളിൽ ഒരു രോഗം വെളിപ്പെടുന്നതായിരിക്കും. അത് ചലക്കുരു അല്ലെങ്കിൽ ശക്തമായി കടിക്കുന്ന രീതിയിലുള്ള വസ്തുവിനെപോലെ ആയിരിക്കും. അത് നാഭിക്ക് താഴെയാണ് പ്രത്യക്ഷപ്പെടുക. ഇവിടെ അടിയിലൂടെ പിടികൂടുന്നതാണ് തുടങ്ങി വിവിധതരത്തിലാണ് തർജമ ചെയ്യപ്പെട്ടിട്ടുള്ളത്. അത് തെറ്റായിട്ടാണ് തർജമ ചെയ്യപ്പെട്ടത്. അതിന്റെ യഥാർഥ തർജമ ഇങ്ങനെയാകുന്നു: അത് മനുഷ്യന്റെ നാഭിക്കു കീഴ്ഭാഗത്ത് പ്രത്യക്ഷപ്പെടുന്നതാണ്. നാഭിക്കു കീഴെ, മുട്ടുകാലിന് മുകളിൽ ചലക്കുരു ഉണ്ടാകും. അതായത് ശരീരത്തിന്റെ മധ്യഭാഗത്ത്. പറയുന്നു: അതുമുഖേന അല്ലാഹു ജനങ്ങൾക്ക് ശഹാദത്ത് നൽകുകയും അവരുടെ കർമങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യും. തുടർന്ന് ഹദ്റത്ത് മുആദ്(റ) ദുആ ചെയ്തു: 'അല്ലാഹുവേ! മുആദ് ബിൻ ജബൽ ഇക്കാര്യം നബി(സ)തിരുമേനിയിൽനിന്ന് കേട്ടതാണെന്ന് നിനക്ക് അറിയാം. നീ, ഈയുള്ളവനും കുടുംബത്തിനും അതിൽ നല്ലൊരു പങ്കു നൽകിയാലും.' അങ്ങനെ അവർക്കെല്ലാവർക്കും പ്ലേഗ് പിടിപെട്ടു. അവരിൽ ആരും രക്ഷപ്പെട്ടില്ല. അദ്ദേഹത്തിന്റെ ചൂണ്ടുവിരലിൽ പ്ലേഗിന്റെ 'പരു' വന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു; ഇതിന് പകരം ചെമന്ന ഒട്ടകം കിട്ടിയാലും ഞാൻ സന്തോഷിക്കുന്നതല്ല.'(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹമ്പൽ, വാള്യം 7, പേജ് 371, മുസ്നദ് മുആദ് ബിൻ ജബൽ,ഹദീഥ് 22439, ആലമുൽകുതുബ് ബെയ്റുത്ത് 1998)

ഇതാണ് തിരുത്തേണ്ടത്. തർജമ പ്രിന്റ് ചെയ്യുകയും അൽഫദ്ലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തതിൽ തിരുത്തപ്പെട്ടിട്ടുണ്ട്. നിങ്ങളോടും പറയണമെന്ന് ഞാൻ പറയുകയുണ്ടായി.

ഇതിനുശേഷം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിനെ പറ്റിയുള്ള അനുസ്മരണമാണ് വരുന്നത്. ഇനി അത് വീണ്ടും തുടരുകയാണ്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'ഉഹുദ് യുദ്ധം ദിവസം എന്റെ പിതാവിനെ, അദ്ദേഹത്തിന്റെ മയ്യിത്ത് വികൃതമാക്കപ്പെട്ട നിലയിൽ നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നു. അതായത് അവയവങ്ങൾ മുറിച്ചു വികലമാക്കിയിരുന്നു. പ്രത്യേകിച്ചും കാതും മൂക്കും. അദ്ദേഹത്തിന്റെ മയ്യിത്ത് നബി(സ)തിരുമേനിയുടെ മുന്നിൽ കൊണ്ടുവന്ന് വെച്ചു. ഞാൻ അദ്ദേഹത്തിന്റെ മുഖത്തുനിന്ന് തുണി മാറ്റാൻ തുനിഞ്ഞപ്പോൾ, ജനങ്ങൾ എന്നെ വിലക്കുകയുണ്ടായി. തുടർന്ന് ജനങ്ങൾ ഒരു സ്ത്രീ വാവിട്ടു കരയുന്നത് കേട്ടു. അപ്പോൾ ആരോ പറഞ്ഞു: അത് അബ്ദുല്ലാ ബിൻ അംറിന്റെ മകളാകുന്നു. അവരുടെ പേര് ഹദ്റത്ത് ഫാത്വിമ ബിൻത് അംറ് എന്നായിരുന്നു. അത് അബ്ദുല്ലാ ബിൻ അംറിന്റെ സഹോദരിയാണെന്നും പറയപ്പെടുന്നു. ആ സന്ദർഭത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'കരയാതിരിക്കൂ, കാരണം മലക്കുകൾ തുടർച്ചയായി തങ്ങളുടെ ചിറകുകൾ വിരിച്ച് അദ്ദേഹത്തിന് തണലേകിക്കൊണ്ടിരിക്കുകയാണ്.'(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 3, പേജ് 954–955, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽജീൽ ബെയ്റുത്ത് 1992)

മറ്റൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം. അദ്ദേഹം പറഞ്ഞു: എന്റെ പിതാവിനെ ഉഹുദ് യുദ്ധ ദിവസം കൊണ്ടുവന്നപ്പോൾ, എന്റെ മാതൃസഹോദരി കരയാൻ തുടങ്ങി. അപ്പോൾ ഞാനും കരയാൻ തുടങ്ങി. ജനങ്ങൾ എന്നെ തടയാൻ ശ്രമിച്ചു. പക്ഷേ, നബി(സ)തിരുമേനി തടയുകയുണ്ടായില്ല. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു; നിങ്ങൾ അദ്ദേഹത്തെപറ്റി കരയരുത്. അല്ലാഹുവാണ! മലക്കുകൾ തുടർച്ചയായി തങ്ങളുടെ ചിറകുകൾ വിരിച്ച് അദ്ദേഹത്തിന് തണൽ നൽകിക്കൊണ്ടിരിക്കുന്നു. അങ്ങനെ നിങ്ങൾ അദ്ദേഹത്തെ ഖബ്റടക്കുകയുണ്ടായി. (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 3, പേജ് 956, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽജീൽ ബെയ്റുത്ത് 1992)

ഉഹുദിലെ ശുഹദാക്കളുടെ ജനാസ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഒരുപാട് ഭിന്നാഭിപ്രായങ്ങളാണുള്ളത്. സ്വഹീഹ് ബുഖാരിയിലുള്ള നിവേദനം, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു: നബി(സ)തിരുമേനി ഉഹുദിലെ ശുഹദാക്കളെ ഈരണ്ടു പേരെ ഒരേ തുണിയിൽ ഒരുമിച്ചു കിടത്തി, ആർക്കാണ് കൂടുതൽ വിശുദ്ധ ഖുർആൻ അറിയുക എന്ന് ജനങ്ങളോട് ചോദിച്ചിരുന്നു. അതിൽ ആരെയെങ്കിലും ചൂണ്ടിക്കാണിച്ചാൽ, നബി(സ)തിരുമേനി അയാളുടെ മയ്യിത്ത് ആദ്യം ഖബ്റിൽ ഇറക്കുമായിരുന്നു. അതായത് ഖബ്റിൽ ഒന്നാമതായി ഇറക്കിയിരുന്നു. തുടർന്ന് പറഞ്ഞു: ഖിയാമത്തുന്നാൾ ഞാൻ അവർക്ക് സാക്ഷിയാകുന്നു. അവരെ അവരുടെ രക്തത്തോടുകൂടി ഖബ്റടക്കാൻ കൽപ്പിച്ചിരുന്നു. അവരെ കുളിപ്പിക്കുകയോ, അവരുടെ ജനാസ നമസ്കരിക്കുകയോ ചെയ്തില്ല.(സ്വഹീഹ് ബുഖാരി, കിതാബുൽ ജനാഇസ്, ബാബു അസ്സ്വലാത്തു അലശ്ശഹീദി ഹദീഥ് നമ്പർ 1343)

സ്വഹീഹ് ബുഖാരിയിലെ മറ്റൊരു നിവേദനത്തിൽ(ഞാൻ വായിച്ച നിവേദനവും സ്വഹീഹ് ബുഖാരിയിലുള്ളതാണ്) പറയുന്നു: ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി ഒരു ദിവസം വന്നു. ഉഹുദിലെ ശുഹദാക്കളുടെ ജനാസ നമസ്കരിപ്പിച്ചു. ബുഖാരിയിലെ മറ്റൊരു നിവേദനത്തിൽ പറയുന്നു: 8 വർഷങ്ങൾക്കുശേഷമാണ് ഉഹുദിലെ ശുഹദാക്കളുടെ ജനാസ നമസ്കരിച്ചത്. (സ്വഹീഹ് ബുഖാരി, കിതാബുൽ ജനാഇസ്, ബാബുസ്സ്വലാത്തു അലശ്ശഹീദി, ഹദീഥ് നമ്പർ 1344)

സുനൻ ഇബ്നു മാജയിൽ പറയുന്നു: ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. ഉഹുദിലെ ശുഹദാക്കളെ നബി(സ)തിരുമേനിയുടെ സവിധത്തിൽ കൊണ്ടുവന്നു. നബി(സ)തിരുമേനി പത്തുപേരുടെ വീതം ജനാസ നമസ്കരിച്ചിരുന്നു. ഹദ്റത്ത് ഹംസയുടെ ജനാസ, നബി(സ)തിരുമേനിയുടെ അടുക്കൽ തന്നെ ഉണ്ടായിരുന്നു. മറ്റു ശുഹദാക്കളുടെ ജനാസ കൊണ്ടുപോകുകയും ചെയ്തിരുന്നു.(സുനൻ ഇബ്നുമാജ, കിതാബുൽജനാഇസ്, ഹദീഥ് നമ്പർ 1513)

സുനൻ അബൂദാവൂദിൽ പറയുന്നു, ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം. ഉഹുദ് യുദ്ധത്തിലെ ശുഹദാക്കളെ കുളിപ്പിച്ചിരുന്നില്ല. അവ

രെ അവരുടെ രക്തവുമായി, അതായത് പരിക്കുകളോടെതന്നെയാണ് ഖബ്റടക്കിയത്. അവരിൽ ആരുടേയും ജനാസ നമസ്കരിക്കുകയുണ്ടായില്ല.(സുനൻ അബൂദാവൂദ്, കിതാബുൽജനാഇസ്, ഹദീഥ് നമ്പർ 3135)

സുനൻ അബൂദാവൂദിൽത്തന്നെ മറ്റൊരു നിവേദനത്തിൽ പറയുന്നു; ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി ഹദ്റത്ത് ഹംസയുടെ അല്ലാതെ, മറ്റാരുടേയും ജനാസ നമസ്കരിച്ചില്ല.(സുനൻ അബൂദാവൂദ്, കിതാബുൽജനാഇസ്, ഹദീഥ് നമ്പർ 3137)

സുനൻ തിർമുദിയിലെ നിവേദനത്തിൽ ഹദ്റത്ത് അനസ് ബിൻ മാലിക്(റ) പറയുന്നു: നബി(സ)തിരുമേനി ഉഹുദിലെ ശുഹദാക്കളുടെ ജനാസ നമസ്കരിച്ചില്ല.(സുനൻ തിർമുദി, അബ്വാബുൽജനാഇസ്, ഹദീഥ് നമ്പർ 1016)

സീറത്ത് ഇബ്നു ഹിശാം, സീറത്ത് ഹൽബിയ എന്നിവയിൽ പറയുന്നു: നബി(സ)തിരുമേനി ഉഹുദിലെ ശുഹദാക്കളിൽ ഏറ്റവുമാദ്യം ഹദ്റത്ത് ഹംസയുടെ ജനാസ നമസ്കരിപ്പിച്ചു. നബി(സ)തിരുമേനി ജനാസയിൽ 7 തക്ബീർ ചൊല്ലി. സീറത്ത് ഹൽബിയയുടെ വിവരണമനുസരിച്ച്, 4 തക്ബീറാണ് ചൊല്ലിയത്. തുടർന്ന് മറ്റു ശുഹദാക്കളെ ഓരോരുത്തരായി കൊണ്ടുവന്ന് ഹദ്റത്ത് ഹംസയുടെ മയ്യിത്തിനോടൊപ്പം വെച്ചു. നബി(സ)തിരുമേനി രണ്ടുപേരുടെയും ജനാസ നമസ്കരിച്ചു. ഇങ്ങനെ എല്ലാ ശുഹദാക്കളുടെയും ജനാസ നമസ്കാരം ഒരോപ്രാവശ്യവും ഹദ്റത്ത് ഹംസയുടെ ജനാസ 72 പ്രാവശ്യവും നമസ്കരിച്ചു. ചിലരുടെ വീക്ഷണത്തിൽ 92 പ്രാവശ്യമെന്നും പറയപ്പെടുന്നു.(സീറത്ത് ഇബ്നുഹിശാം, പേജ് 395-396, ഗസ്‌വ ഉഹുദ്, ദാറു ഇബ്നു ഹസം ബെയ്റുത്ത് 2009)(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 337, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)

'ദലാഇലുന്നുബുവ്വ' എന്ന ചരിത്ര ഗ്രന്ഥത്തിൽ പറയുന്നു: ഹദ്റത്ത് ഹംസയുടെ ജനാസയോടൊപ്പം 9 ശുഹദാക്കളുടെ ജനാസയും വെച്ചിരുന്നു. അവരുടെ ജനാസ നമസ്കരിച്ചു കഴിഞ്ഞാൽ 9 പേരുടേയും ജനാസ കൊണ്ടുപോവുകയും തുടർന്ന് മറ്റു 9 പേരുടെ ജനാസ കൊണ്ടുവന്ന് വെക്കുകയും ചെയ്തിരുന്നു. ഇങ്ങനെ തന്നെ എല്ലാ ശുഹദാക്കളുടെയും ജനാസ നമസ്കരിപ്പിച്ചു. നബി(സ)തിരുമേനി ഓരോ ജനാസ നമസ്കാരത്തിലും 7 തക്ബീറാണ് ചൊല്ലിയിരുന്നത്.(ദലാഇലുന്നുബുവ്വ, ഭാഗം 3 പേജ് 287, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)

സീറത്തു ഹൽബിയയിലും ദലാഇലുന്നുബുവയിലും ശുഹദാക്കളുടെ ജനാസ നമസ്കാരത്തെ സംബന്ധിച്ച് ചർച്ച വന്നിട്ടുണ്ട്. രണ്ട് ഗ്രന്ഥങ്ങളിലും ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)യുടെ നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ഉഹുദ് യുദ്ധത്തിലെ ശുഹദാക്കളെ അവരുടെ രക്തത്തോടെതന്നെ ഖബ്റടക്കാൻ കല്പ്പിച്ചു. അവരെ കുളിപ്പിക്കുകയോ, അവരുടെ ജനാസ നമസ്കരിക്കുകയോ ചെയ്തില്ല. ഇതാണ് പ്രബലമായ നിവേദനം.(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 338, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002) (ദലാഇലുന്നുബുവ്വ, ഭാഗം 3 പേജ് 287-288, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002) (സ്വഹീഹ് ബുഖാരി, കിതാബുൽ ജനാഇസ്, ബാബു അസ്സ്വലാത്തു അലശ്ശഹീദി ഹദീഥ് നമ്പർ 1343)

ഹദ്റത്ത് ഇമാം ശാഫി(റഹ്) വിവരിക്കുന്നു: തുടർച്ചയായ നിവേദനങ്ങളിൽനിന്നു വ്യക്തമായി മനസ്സിലാകുന്നത് നബി(സ)തിരുമേനി ഉഹുദ് യുദ്ധത്തിലെ ശുഹദാക്കളുടെ ജനാസ നമസ്കരിച്ചിട്ടില്ലെന്നാകുന്നു. നബി(സ)തിരുമേനി ശുഹദാക്കളുടെ ജനാസ നമസ്കരിച്ചുവെന്നും ഹദ്റത്ത് ഹംസയുടെ ജനാസയിൽ 7 തക്ബീർ ചൊല്ലിയെന്നുമൊക്കെ പറയുന്നത് ശരിയല്ല. ഹദ്റത്ത് ഉഖ്ബ ബിൻ ആമിറിന്റെ നിവേദനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, നബി(സ) തിരുമേനി 8 വർഷത്തിനുശേഷം ശുഹദാക്കളുടെ ജനാസ നമസ്കരിച്ചു എന്നതിൽനിന്ന്, ഇത് 8 വർഷത്തിനുശേഷമുള്ള സംഭവമാണെന്ന് വ്യക്തമാകുന്നുവെന്ന് മാത്രം(ഫതഹുൽബാരി ശറഹ് സ്വഹീഹ് ബുഖാരി, അല്ലാമ ഇബ്നു ഹജർ അസ്ഖലാനീ, വാള്യം 3, പേജ് 249, പ്രസാധകർ ദാറുർറയ്യാൻ ലിത്തുറാഥ് ഖാഹിറ 1986)

ഞാൻ പറഞ്ഞതുപോലെ ഇതുസംബന്ധിച്ച് വലിയ ചർച്ചകൾതന്നെ നടന്നിട്ടുണ്ട്. കുറച്ചുകൂടി വിവരിക്കാം.

ഇമാം ബുഖാരി തന്റെ ഗ്രന്ഥത്തിൽ, ബാബു സ്സലാത്തു അലശ്ശഹീദി എന്ന പേരിൽ ഒരു അധ്യായം കൊടുത്തിട്ടുണ്ട്. അതിനു കീഴിൽ കേവലം രണ്ട് ഹദീഥുകളാണ് എഴുതിയത്. ആദ്യത്തെ ഹദീഥ്, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാ(റ)യിൽ നിന്നുള്ള നിവേദനമാകുന്നു. അതിൽ വ്യക്തമായും പറയുന്നു, ഉഹുദിലെ ശുഹദാക്കളെ കുളിപ്പിച്ചിട്ടുണ്ടായിരുന്നില്ല. അവരുടെ ജനാസ നമസ്കരിപ്പിക്കുകയും ചെയ്തിട്ടില്ല. രണ്ടാമത്തേത്, ഹദ്റത്ത് ഉഖ്ബ ബിൻ ആമിറിന്റെ നിവേദനമാകുന്നു. അദ്ദേഹം പറയുന്നു: അന്നന്നബിയ്യ(സ)ഖറജ യൗമൻ ഫസ്വല്ല അലാ അഹ്‌ലി ഉഹുദിൻ സ്വലാത്തഹു അലൽമയ്യിത്തി. അതായത് ഒരു ദിവസം നബി(സ)തിരുമേനി പുറപ്പെട്ടു. ഉഹുദിലെ ശുഹദാക്കൾക്കുവേണ്ടി, ജനാസ നമസ്കരിക്കുന്നതുപോലെ നമസ്കരിച്ചു. ഇതേ ഹദീഥ് ബുഖാരിയിൽ ഉഹുദ് യുദ്ധമെന്ന അധ്യായത്തിലും വന്നിട്ടുണ്ട്. അവിടെ ഇതേ സ്വഹാബിതന്നെ നിവേദനം ചെയ്യുന്നുണ്ട്. പറയുന്നു: സ്വല്ല റസൂലുല്ലാഹി അലാ ഖത്‌ലാ ഉഹുദിൻ ബഅ്ദ ഥമാനിയ സിനീന കൽമുവദ്ദിയി ലിൽഅഹ്‌യാഇ വൽഅംവാത്തി അതായത് നബി(സ)തിരുമേനി ഉഹുദിലെ ശുഹദാക്കൾക്കുവേണ്ടി 8 വർഷത്തിനുശേഷം ജീവിച്ചിരിക്കുന്നവരേയോ മരണപ്പെട്ടവരേയോ യാത്രയാക്കുന്നതുപോലെ നമസ്കരിച്ചു.(സ്വഹീഹുൽബുഖാരി, കിതാബുൽ ജനാഇസ്, ബാബു അസ്സലാത്തു അലശ്ശഹീദി ഹദീഥ് നമ്പർ 1343-1344)(സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി, ബാബുഗസ്‌വ ഉഹുദ്, ഹദീഥ് നമ്പർ 4042)

ഇപ്രകാരംതന്നെ അല്ലാമ ഇബ്നു ഹജർ അസ്ഖലാനി പറയുന്നു: 'ഇമാം ശാഫി ഇതുകൊണ്ട് ഉദ്ദേശിച്ചത്, ആരെങ്കിലും മരിച്ചുകഴിഞ്ഞ് നീണ്ട കാലം കഴിഞ്ഞാൽപ്പിന്നെ അവരുടെ ഖബ്റിൽ ജനാസ നമസ്കരിക്കാറില്ല എന്നാണ്. ഇമാം ശാഫിയുടെ വീക്ഷണപ്രകാരം നബി(സ)തിരുമേനിയുടെ മരണം സമീപസ്ഥമായപ്പോൾ നബി(സ)തിരുമേനി ശുഹദാക്കളുടെ ഖബ്റുകളിൽ പോയി, അവർക്ക് യാത്രാമൊഴി പറഞ്ഞുകൊണ്ട് അവരുടെ പാപപ്പൊറുതിക്കുവേണ്ടി ദുആ ചെയ്തു.(ഫതഹുൽബാരി, ശറഹ് സ്വഹീഹ് ബുഖാരി, അല്ലാമ ഇബ്നുഹജർ അസ്ഖലാനി, വാള്യം 3, പേജ് 249, ദാറുർറയ്യാൻ ലിതുറാഥി, ഖാഹിറ 1986)

ഉഹുദിൽ ശുഹദാക്കളെ കഫൻ ചെയ്തതും ഖബ്റടക്കിയതും സംബന്ധിച്ച് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എഴുതുന്നു: മൃതശരീരങ്ങൾ സുരക്ഷിതമാക്കിയ ശേഷം കഫൻ പൊതിയാൻ തുടങ്ങി. നബി(സ)തിരുമേനി പറഞ്ഞു: 'ശുഹദാക്കളുടെ ശരീരത്തിലുള്ള വസ്ത്രങ്ങൾ അതേപടി വെക്കുക. ശുഹദാക്കളെ കുളിപ്പിക്കേണ്ടതില്ല. അതേസമയം ആരുടെയെങ്കിലും പക്കൽ കഫൻ ചെയ്യാൻ അധികം തുണിയുണ്ടെങ്കിൽ, അവർ ധരിച്ചിരിക്കുന്ന വസ്ത്രത്തിന് മുകളിലൂടെ ചുറ്റുക. ജനാസ നമസ്കാരം ആ സമയത്ത് നടത്തിയില്ല. അങ്ങനെ കുളിപ്പിക്കാതെയും ജനാസനമസ്കരിക്കാതേയും ശുഹദാക്കളെ ഖബ്റടക്കുകയുണ്ടായി. പൊതുവിൽ ഓരോ തുണിയിലും ഈരണ്ടുവീതം സ്വഹാബാക്കളെ ഒന്നിച്ച് കഫൻ പൊതിയുകയും ഖബ്റടക്കുകയുമാണ് ചെയ്തത്. വിശുദ്ധ ഖുർആൻ കൂടുതലായി അറിയുന്ന സ്വഹാബിയെ നബി(സ)തിരുമേനിയുടെ നിർദേശപ്രകാരം ആദ്യം ഖബ്റിൽ ഇറക്കി. തുടർന്നെഴുതുന്നു: ജനാസ നമസ്കരിച്ചില്ല. എന്നാൽ, പിന്നീട് നബി(സ)തിരുമേനി തന്റെ വഫാത്ത് സമീപസ്ഥമായപ്പോൾ സ്വഹാബികൾക്ക് പ്രത്യേകമായി ജനാസ നമസ്കരിക്കുകയുണ്ടായി. ഇത് വിവിധ ചരിത്രഗ്രന്ഥങ്ങളിൽ നിന്നാണ് അദ്ദേഹം സമർപ്പിച്ചിരിക്കുന്നത്. നമസ്കരിച്ചു അല്ലെങ്കിൽ ദുആ ചെയ്തു എന്നുമാകാം. ഏതായിരുന്നാലും വളരെ വേദനയോടെ അവർക്കുവേണ്ടി ജനാസ നമസ്കരിച്ചു. അല്ലെങ്കിൽ വളരെ വേദനയോടെ അവർക്ക് വേണ്ടി ദുആ ചെയ്തു. ഒരുപക്ഷേ, നേരത്തെ പറഞ്ഞതുപോലെ ദുആ ചെയ്തിട്ടുണ്ടാകും. ഓരോ ഖബ്റിലുംപോയി വേദനയോടെ ദുആ ചെയ്തിട്ടുണ്ടാകും. (സീറത്തുഖാത്തമുന്നബിയ്യീൻ പേജ് 501-502)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ പിതാവിനു വേണ്ടി 6 മാസത്തിനുശേഷം ഖബ്ർ ഉണ്ടാക്കി. അദ്ദേഹത്തെ അതിൽ ഖബ്റടക്കി. അപ്പോൾ ഞാൻ അദ്ദേഹത്തിന്റെ ശരീരത്തിൽ ഒരുമാറ്റവും കണ്ടില്ല; താടിയിലെ കുറച്ചു മുടിയല്ലാതെ. അത് നിലത്ത് മുട്ടി ക്കിടന്നിരുന്നു. (ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ, വാള്യം 3, പേജ് 344, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

മറ്റൊരു നിവേദനത്തിൽ പറയുന്നു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) വിവരിക്കുന്നു: ഉഹുദ് യുദ്ധത്തിൽ ഒരു ഖബ്റിൽ രണ്ടുപേരെയാണ് ഖബ്റടക്കിയത്. എന്റെ പിതാവിന്റെ കൂടെയും ഒരു സ്വഹാബിയെ ഖബ്റടക്കിയിരുന്നു. അദ്ദേഹത്തെ മറ്റൊരു ഖബറിൽ തനിച്ച് ഖബറടക്കണമെന്ന് 6 മാസത്തിനു ശേഷം എന്റെ മനസിൽ ഒരു തോന്നലുണ്ടായി. അങ്ങനെ ഞാൻ അദ്ദേഹത്തെ ഖബ്റിൽ നിന്ന് പുറത്തെടുത്തു. അപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽ അൽപം മാംസത്തിലല്ലാതെ മറ്റ് ഒരു വിധ മാറ്റവും ഉണ്ടായിരുന്നില്ല.(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 425, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ഉഹുദ് യുദ്ധത്തിന് 46 വർഷത്തിനു ശേഷം ഹദ്റത്ത് അമീർ മുആവിയയുടെ ഖിലാഫത്ത് കാലത്ത് ഉണ്ടാക്കിയ അരുവിയിലെ വെള്ളം, ഉഹുദിലെ ശുഹദാക്കളുടെ ഖബ്റുകളിലെത്തി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്, ഹദ്റത്ത് അംറ് ബിൻ ജമൂഹ് എന്നിവരുടെ ഖബറുകളിലും വെള്ളം കയറി. അങ്ങനെ അവരുടെ ഖബ്റുകൾ തുറന്നപ്പോൾ അവയിൽ രണ്ടു തുണികൾ കിടക്കുന്നുണ്ടായിരുന്നു. ഇതിന്റെ നിവേദകൻ പറയുന്നു: അദ്ദേഹത്തിന്റെ മുഖത്ത് പരിക്കുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൈ അദ്ദേഹത്തിന്റെ പരിക്കിന് മുകളിലായിരുന്നു. തുടർന്നുള്ള നിവേദനം ഏതായാലും അസംഭാവ്യമായ കാര്യമാകുന്നു. ഞാൻ അതും വിവരിക്കാം:

ഈ വിവരണത്തിൽ തൃപ്തിയുണ്ട് എന്നല്ല. ചില ചരിത്രപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. വായനക്കാർ പലരും അത് വായിച്ചിരിക്കാം. അതുകൊണ്ടാണ് ഇവിടെ വിവരിക്കു

ന്നത്. അതിൽ കുറച്ച് അതിശയോക്തിയും കലർന്നിട്ടുണ്ടാകും. ഏതായാലും അദ്ദേഹം പറയുന്നു: പരിക്ക് പറ്റിയ സ്ഥലത്തുനിന്ന് കൈയെടുത്തുമാറ്റിയപ്പോൾ ആ മുറിവിൽനിന്ന് ചോര വരാൻ തുടങ്ങി. ഇത് സംഭാവ്യമല്ല. അങ്ങനെ അദ്ദേഹത്തിന്റെ കൈ തിരികെ മുറിവിൽ വെച്ചപ്പോൾ രക്തം വരുന്നത് നിലച്ചു. ഏതായാലും ഇത്തരത്തിലുള്ള ചില നിവേദനങ്ങളും ഇടയ്ക്ക് വരാറുണ്ട്. അത് വിമർശനാത്മകവുമാകുന്നു.

ജാബിർ ബിൻ അബ്ദുല്ലാഹ്(റ) പറയുന്നു: ഞാൻ എന്റെ പിതാവിനെ ഉറങ്ങിക്കിടക്കുന്നത് പോലെയാണ് കണ്ടത്.(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 424, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990) (കിതാബുൽ മഗാസി, വാള്യം 1, പേജ് 267, പ്രസാധകർ ആലമുൽകുതുബ് ബെയ്റുത്ത് 1984)

വാസ്തവത്തിൽ 6 മാസത്തിനുശേഷം അദ്ദേഹത്തെ പുറത്തെടുത്തപ്പോൾ മാംസത്തിൽ കുറച്ചു മാറ്റങ്ങൾ വന്നിരുന്നു. എന്നിരിക്കെ 46 വർഷത്തിനുശേഷം ഒരു മാറ്റവും ഉണ്ടാകാതിരിക്കാൻ സാധ്യതയില്ല. എല്ലുകൾപോലും ഉണ്ടായിരിക്കില്ല. അത് പ്രകൃതി നിയമമാണ്. ശരീരത്തിൽ മാറ്റങ്ങൾ ഉണ്ടാകാതിരിക്കാൻ നിർവാഹമില്ല.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) പറയുന്നു: നബി(സ)തിരുമേനി എന്നെ കണ്ടപ്പോൾ പറഞ്ഞു: ജാബിറേ! നീ വളരെ ദുഃഖിതനായി കാണപ്പെടുന്നുവല്ലോ?' ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ പിതാവ് ഉഹുദ് യുദ്ധത്തിൽ ശഹീദായി. കടവും സന്താനങ്ങളെയും ബാക്കിയാക്കിയാണ് പോയത്. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു നിന്റെ പിതാവുമായി എങ്ങനെയാണ് കൂടിക്കാഴ്ച നടത്തിയതെന്ന് സന്തോഷവാർത്ത ഞാൻ നിനക്ക് പറഞ്ഞു തരട്ടെയോ? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! പറഞ്ഞുതന്നാലും! നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു ഒരു മറയുടെ പിന്നിൽ നിന്നല്ലാതെ ആരോടും സംസാരിക്കില്ല. അതായത് മറയുടെ പിന്നിൽ നിന്ന് മാത്രമേ ആരോടും സംസാരിക്കുന്നുള്ളൂ. എന്നാൽ, അല്ലാഹു, നിന്റെ പിതാവിനെ ജീവിപ്പിക്കുകയും പിന്നെ അദ്ദേഹത്തോട് മുഖാമുഖം സംസാരിക്കുകയും ചെയ്തു. പറഞ്ഞു: അല്ലയോ എന്റെ ദാസാ! നീ എന്നോട് ചോദിക്കൂ, ഞാൻ നിനക്ക് നൽകാം! അദ്ദേഹം പറഞ്ഞു: എന്റെ നാഥാ! നീ എനിക്ക് വീണ്ടും ജീവിതം തന്നാലും! ഞാൻ നിന്റെ മാർഗത്തിൽ വീണ്ടും വധിക്കപ്പെടുന്നതാണ്. ഒരു നിവേദനത്തിൽ പറയുന്നു: ആ സന്ദർഭത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു: 'എന്റെ നാഥാ! ഞാൻ നിന്നോടുള്ള ആരാധനയുടെ കർത്തവ്യങ്ങൾ യഥാവിധി ചെയ്തിട്ടില്ല. ഞാൻ ആഗ്രഹിക്കുന്നത്, നീ എന്നെ വീണ്ടും ലോകത്തേക്ക് അയക്കണമെന്നും അങ്ങനെ നിന്റെ നബിയോടൊപ്പം ചേർന്ന് യുദ്ധം ചെയ്യുകയും നിന്റെ മാർഗത്തിൽ വീണ്ടും വധിക്കപ്പെടുകയും ചെയ്യണമെന്നാണ്.' അപ്പോൾ അല്ലാഹു പറഞ്ഞു: 'ഒരിക്കൽ മരിക്കുന്നവൻ വീണ്ടും ലോകത്തേക്ക് തിരിച്ചയക്കപ്പെടുകയില്ലെന്ന് ഞാൻ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് അല്ലാഹുവിനോട് പറഞ്ഞു: 'എന്റെ ശേഷക്കാർക്ക് ഈ കാര്യം അറിയിച്ചാലും.' ആ സന്ദർഭത്തിൽ അല്ലാഹു ഈ ആയത്തിറക്കി: **വലാ തഹ്സബന്നല്ലദീന ഖുതിലൂ ഫീ സബീലില്ലാഹി അംവാത്തൻ ബൽ അഹ് യാഉൻ യിൻദറബ്ബിഹിം യുർസഖൂൻ**(3:170). അതായത് അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നവരെ ഒരിക്കലും മൃതന്മാരാണെന്ന് ധരിക്കരുത്. മറിച്ച് അവർ ജീവനുള്ളവരാകുന്നു. അവർക്ക് അവരുടെ നാഥന്റെ പക്കൽനിന്ന് ഭക്ഷണം നൽകപ്പെടുന്നു. (സുനനുത്തിർമുദി, അബ് വാബു തഫ്സീറുൽഖുർആൻ, ബാബു തഫ്സീർ സൂറ ആലുഇംറാൻ ഹദീഥ് നമ്പർ 3010)(ദലാഇലുന്നുബുവ്വ, ഭാഗം 3, പേജ് 298, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 3, പേജ് 955–956, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽജീൽ ബെയ്റുത്ത് 1992)

ഈ ആയത്ത് ഞാൻ നേരത്തെയും ജാബിർ ബിൻ അബ്ദുല്ലായെ സംബന്ധിച്ചും വിവരിച്ചതാണ്. അല്ലാഹുവും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറും തമ്മിലുള്ള സംഭാഷണം സംബന്ധിച്ച സംഭവത്തിന്റെ വിശദീകരണം, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്, ഖിലാഫത്തിനു മുമ്പേയുള്ള തന്റെ ഒരു പ്രഭാഷണത്തിൽ ഇങ്ങനെ വിവരിക്കുന്നു:

ഈ സംഭവത്തിൽ പല തരത്തിലുള്ള സൗന്ദര്യം കുത്തിത്തിരുകി നിറച്ചിരിക്കുന്നു. ഏതു ഭാഗത്തുടെ അതിനെ നോക്കിയാലും ഒരു പുതിയ അനുപമ സൗന്ദര്യം കാണപ്പെടുന്നു. മറ്റെല്ലാ കാര്യങ്ങൾക്കും പുറമേ നബി(സ)തിരുമേനിക്ക് എങ്ങനെയാണ് തന്റെ റബ്ബുമായുള്ള ബന്ധം എന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. ദാസന്മാരോട് വാത്സല്യം കാണിക്കുകയും റബ്ബുമായി ഹൃദയം കോർത്ത് വെക്കുകയും ചെയ്തിരിക്കുന്നു. ഒരുഭാഗത്ത് തന്റെ സ്വഹാബത്തിലേക്ക് ചായ്വ് ഉണ്ടായിരുന്നു. മറുഭാഗത്ത് തന്റെ അത്യുന്നതനായ സുഹൃത്തുമായി തുടർച്ചയായി ബന്ധം നിലനിറുത്തുകയും ചെയ്യുന്നു. ആ മഹാത്മാവ്, സമാധാനഘട്ടങ്ങളിൽ ഥുമ്മ ദനാ ഫത ദല്ലാ എന്നതിന്റെ ഉന്നതമായ ചക്രവാളത്തിൽ വിരാജിക്കുന്നു. യുദ്ധാവസരങ്ങളിലും ഒരു നിമിഷംപോലും അതിൽ നിന്ന് വേർപെട്ടില്ല. ഒരു ദൃഷ്ടി യുദ്ധ മൈതാനത്തിന്റെ മേൽനോട്ടത്തിലായിരുന്നു. എന്നാൽ, മറ്റേ ദൃഷ്ടി തന്റെ പ്രേമഭാജനത്തിന്റെ കാഴ്ചകളിൽ മുഴുകിയിരിക്കുകയായിരുന്നു. ഒരു കാത്, കാരുണ്യപൂർവം സ്വഹാബത്തിലേക്ക് ചാഞ്ഞിരിക്കുകയായിരുന്നു. മറ്റൊന്ന് അത്യുന്നതങ്ങളിൽ തന്റെ റബ്ബിന്റെ മധുരഭാഷണം കേൾക്കുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു. ആ പ്രേമഭാജനം സ്വയം സ്വഹാബത്തിന് സന്തോഷം പകരുന്നു. അതേസമയം അല്ലാഹു നബി(സ)തിരുമേനിക്ക് സന്തോഷം പകർന്നു കൊണ്ടിരിക്കുകയായിരുന്നു. അബ്ദുല്ലാഹ് ബിൻ അംറിന്റെ മാനസികാവസ്ഥയെ കുറിച്ച് അറിയിപ്പ് നൽകിക്കൊണ്ട് യഥാർഥത്തിൽ അല്ലാഹു നബി(സ)തിരുമേനിക്ക് നൽകിയ സന്ദേശം, എല്ലാവരെക്കാളും എന്നെ സ്നേഹിക്കുന്ന ദാസാ! നോക്കൂ! നിന്നോടും അതേ തരത്തിലുള്ള അനുരാഗം നാം നമ്മുടെ തിരിച്ചറിവുള്ള ദാസന്മാരുടെ ഹൃദയത്തിൽ രൂഢമൂലമാക്കിയിരിക്കുന്നു എന്നാണ്. ഭൗതിക ലോകം വിട്ടുപിരിഞ്ഞ ശേഷവും നിന്നെക്കുറിച്ചുള്ള ചിന്തകളാണ് അവരെ അലട്ടുന്നത്. നിന്നെ ഒറ്റയ്ക്ക് യുദ്ധമുഖത്ത് വിട്ടേച്ചു വന്നതിൽ അവർ അങ്ങേയറ്റം അസ്വസ്ഥചിത്തരാകുന്നു. നിന്നെ ഓർക്കുമ്പോൾ അവർക്ക് സ്വർഗത്തെ പറ്റിയും ആഗ്രഹമില്ല. അവരുടെ സ്വർഗം, മൂർച്ചയുള്ള വാളുകൾകൊണ്ട് കൂടെക്കൂടെ അരിഞ്ഞു വീഴ്ത്തപെടണമെന്നും പിന്നെ വീണ്ടും വീണ്ടും നിന്റെ കൂടെത്തന്നെ ഉണ്ടാകണമെന്നുമാകുന്നു. (ഖുത്ബാത്തെ ത്വാഹിർ(തഖാരീർ ഖിലാഫത്തിനുമുമ്പേയുള്ള ജൽസാസാലാന)തഖ് രീർ ജൽസാസാലാന 1979, പേജ് 340–341)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ) മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന് കടങ്ങളുണ്ടായിരുന്നു. കടം വാങ്ങിയവരോട്, അദ്ദേഹത്തിന്റെ കടം കുറയ്ക്കാൻ പറയുന്നതിന് ഞാൻ നബി(സ)തിരുമേനിയോട് സഹായമഭ്യർഥിച്ചു. തുടർന്ന് നബി(സ)തിരുമേനി അവരോട് ഈ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. പക്ഷേ, ആരും അത് കുറയ്ക്കാൻ തയ്യാറായില്ല. അപ്പോൾ നബി(സ)തിരുമേനി എന്നോട് പറഞ്ഞു: 'നിങ്ങൾ പോയി, നിങ്ങളുടെ വിവിധതരം ഈന്തപ്പഴങ്ങൾ തരം തിരിച്ചു വെക്കുക. അതായത് എല്ലാ തരത്തിൽ പെട്ടതിനെയും വെവ്വേറെ ആക്കുക. അജ്‌വ ഈന്തപ്പഴത്തേയും അസക്ക് ബിൻ സയ്ദ് ഈന്തപ്പഴത്തേയും വെവ്വേറെ ആക്കിയശേഷം എന്നെ അറിയിക്കുക. ഞാൻ അങ്ങനെ ചെയ്തശേഷം നബി(സ)തിരുമേനിയുടെ സവിധത്തിലേക്ക് ആളെ അയച്ചു. നബി(സ)തിരുമേനി ആഗതനായി. അങ്ങനെ നബി(സ)തിരുമേനി ഈന്തപ്പഴത്തിന്റെ കൂമ്പാരത്തിൽ അഥവാ അതിനിടയിൽ ഇരുന്നു. തുടർന്ന് പറഞ്ഞു: 'അത് അവർക്കൊക്കെ അളന്നു കൊടുക്കുക.' അങ്ങനെ ഞാൻ ഓരോരുത്തർക്കും അവകാശപ്പെട്ട അത്രയും അളന്നു കൊടുത്തു. എന്നിട്ടും എന്റെ ഈന്തപ്പഴം ബാക്കിയായി. അതിൽ അല്പം പോലും കുറവ് വന്നിട്ടില്ല എന്നാണ് എനിക്ക് അനുഭവപ്പെട്ടത്. (സ്വഹീഹ് ബുഖാരി, കിതാബുൽ ബുയൂഅ്, ബാബു അൽകയ്‌ലു അലൽബായിഅ് വൽമുഅ്ത്വാ ഹദീഥ് നമ്പർ 2127)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിന്റെ സന്തപ്ത കുടുംബത്തിൽ മകൻ ജാബിർ ബിൻ അബ്ദുല്ലാ(റ)യെ കൂടാതെ 6 പെൺമക്കളും ഉണ്ടായിരുന്നു. സ്വഹീഹ് ബുഖാരിയിലുള്ള ഒരു നിവേദനം അനുസരിച്ച്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിന്റെ സന്തപ്ത കുടുംബത്തിൽ ഏഴോ, ഒമ്പതോ പെൺമക്കളുണ്ടായിരുന്നു.

അടുത്തതായി അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് അബൂദുജാന എന്നാകുന്നു. അതായത് അബൂദുജാന ഹദ്റത്ത് സിമാക് ബിൻ ഖർശ:

ഹദ്റത്ത് അബൂദുജാന അൻസ്വാർ ഗോത്രമായ ഖസ്റജിന്റെ ശാഖയായ ബനൂ സാഅദയിൽ പെട്ട ആളാകുന്നു. ഹദ്റത്ത് അബൂദുജാനയുടെ പിതാവിന്റെ പേര് ഖർശ: എന്നാകുന്നു. ചിലർ ഔസ് എന്നാണ് പേരെന്ന് പറയുന്നു. അദ്ദേഹത്തിന്റെ പിതാമഹന്റെ പേരാണ് ഖർശ: എന്നും പറയപ്പെടുന്നു. ഹദ്റത്ത് അബൂദുജാനയുടെ മാതാവിന്റെ പേര് അസ്മാ ബിൻത്ത് ഹർമല എന്നാകുന്നു. അദ്ദേഹം തന്റെ പേരിനോടൊപ്പം, അബൂദുജാന എന്ന പേരിലാണ് ഏറെ പ്രസിദ്ധനായത്. ഹദ്റത്ത് അബൂദുജാനക്ക് ഒരു മകൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ഖാലിദ് എന്നാകുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ആമിന ബിൻത് അംറ് എന്നായിരുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 2, പേജ് 317, സിമാക് ബിൻഖറശ, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത്, ലബിനാൻ 2003) (അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 419, അബൂദുജാന, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാൻ മക്കയിൽ നിന്ന് പലായനം ചെയ്ത് മദീനയിൽ എത്തിയപ്പോൾ, നബി(സ)തിരുമേനി അദ്ദേഹത്തെ ഹദ്റത്ത് അബൂദുജാനയുമായി സാഹോദര്യത്തിലാക്കി. (അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 420, അബൂദുജാന, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ബദ്ർ, ഉഹുദ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും ഹദ്റത്ത് അബൂദുജാന, നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 2, പേജ് 317, സിമാക് ബിൻ ഖറശ, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത്, ലബിനാൻ 2003)

ഹദ്റത്ത് അബൂദുജാന, അൻസ്വാറിലെ ഉന്നത സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ യുദ്ധങ്ങളിൽ പ്രകടമായ സ്ഥാനമുണ്ടായിരുന്നു. യുദ്ധാവസരത്തിൽ, ഹദ്റത്ത് അബൂദുജാന വളരെ ധൈര്യം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം മികച്ച കുതിരപ്പടയാളി ആയിരുന്നു. അദ്ദേഹത്തിന്റെ പക്കൽ ചെമന്ന നിറത്തിലുള്ള ഒരു ഉറുമാലുണ്ടായിരുന്നു. അത് അദ്ദേഹം യുദ്ധാവസരങ്ങളിൽ തലയിൽ കെട്ടിയിരുന്നു. ആ ചെമന്ന ഉറുമാൽ തലയിൽ കെട്ടുമ്പോൾ അദ്ദേഹം യുദ്ധത്തിന് തയ്യാറായി എന്ന് ജനങ്ങൾ മനസിലാക്കിയിരുന്നു. ഹദ്റത്ത് അബൂദുജാന ധൈര്യവും സ്ഥൈര്യവുമുള്ള ആളുകളിലാണ് ഗണിക്കപ്പെട്ടിരുന്നത്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 96, അബൂദുജാന സിമാക് ബിൻ ഖറശ, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത്, ലബിനാൻ 2003)

മുഹമ്മദ് ബിൻ ഇബ്റാഹിം തന്റെ പിതാവിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഹദ്റത്ത് അബൂദുജാന യുദ്ധങ്ങളിൽ അദ്ദേഹത്തിന്റെ ചെമന്ന തലപ്പാവ് കാരണം തിരിച്ചറിയപ്പെട്ടിരുന്നു. ബദ്ർ യുദ്ധത്തിലും അത് അദ്ദേഹത്തിന്റെ ശിരസ്സിൽ ഉണ്ടായിരുന്നു. മുഹമ്മദ് ബിൻ ഉമർ പറയുന്നു; ഹദ്റത്ത് അബൂദുജാന ഉഹുദ് യുദ്ധത്തിലും (ബദ്റിലെ) അതെ രീതിയിൽ തന്നെയാണ് പങ്കെടുത്തത്. നബി(സ)തിരുമേനിയോടൊപ്പം ഉറച്ചു നിൽക്കുകയുണ്ടായി. മരണത്തിന് തയ്യാറാണെന്ന് നബി(സ)തിരുമേനിയ്ക്ക് ബയ്അത്ത് ചെയ്തു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 420, അബൂദുജാന(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)

ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് അബൂദുജാനയും ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റും നല്ലപോലെ നബി(സ)തിരുമേനിക്കുവേണ്ടി പ്രതിരോധം തീർക്കുകയുണ്ടായി. ഹദ്റത്ത് അബൂദുജാനക്ക് ഗുരുതരമായ പരിക്കേറ്റു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ ശഹീദാകുകയും ചെയ്തു.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാള്യം 4, പേജ് 209, ദുജാന അൻസ്വാരി, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2010)

ഹദ്റത്ത് അനസ് (റ)നിവേദനം: നബി(സ) തിരുമേനി ഉഹുദിന്റെ ദിവസം ഒരു വാൾ പിടിച്ചുകൊണ്ട് പറഞ്ഞു:മൻ യഅ്ഖുദു മിന്നീ ഹാദാ? ഇതാരാണ് എന്നിൽ നിന്ന് വാങ്ങുക? എല്ലാവരും കൈ നീട്ടി. അവരിൽ ഓരോരുത്തരും ഞാൻ, ഞാൻ എന്ന് പറയുന്നുണ്ടായിരുന്നു. നബി(സ) തിരുമേനി വീണ്ടും പറഞ്ഞു: മൻ യഅ്ഖുദുഹൂ ബി ഹഖ്ഖിഹി? ആരാണ് ഇതിന്റെ കടമകൾ യഥാവിധി പൂർത്തിയാക്കുക? ഹദ്റത്ത് അനസ്(റ)പറയുന്നു: ‘അപ്പോൾ ജനങ്ങൾ പിന്മാറി. പക്ഷേ, ഹദ്റത്ത് സിമാക്ക് ബിൻ ഖറശ അബൂദുജാന പറഞ്ഞു: ‘ഞാൻ അതിന്റെ കടമയോടുകൂടി ഏറ്റെടുക്കുകയാണ്.’ ഹദ്റത്ത് അനസ് പറയുന്നു: അദ്ദേഹം ആ വാൾ എടുക്കുകയും നിഷേധികളുടെ തല കൊയ്യുകയും ചെയ്തു. ഇത് മുസ്ലിമിലുള്ള ഹദീഥ് ആകുന്നു.(സ്വഹീഹ് മുസ്ലിം കിതാബു ഫളാഇലുസ്സ്വഹാബ, ഹദീഥ് 6353)

മറ്റൊരു നിവേദനത്തിൽ വരുന്നു, ഹദ്റത്ത് അബൂദുജാന ചോദിച്ചു: ‘ഇതിന്റെ കടമ എന്താകുന്നു?’ നബി(സ)തിരുമേനി പറഞ്ഞു: ഇതുകൊണ്ട് ഒരു മുസ്ലിമിനേയും വധിക്കരുത്. ഇത് ഉണ്ടായിരിക്കെ അവിശ്വാസികളുമായുള്ള പോരാട്ടത്തിൽ പിന്തിരിഞ്ഞോടരുത്. അതായത് ഉറച്ചുനിന്ന് പൊരുതണം.’ അപ്പോൾ ഹദ്റത്ത് അബൂദുജാന പറഞ്ഞു: ‘ഞാൻ ഈ വാൾ, അതിന്റെ കടമയോടെ ഏറ്റെടുത്തു കൊള്ളുന്നു.’ നബി(സ) തിരുമേനി ഹദ്റത്ത് അബൂദുജാനക്ക് വാൾ കൊടുത്തപ്പോൾ, അദ്ദേഹം നിഷേധികളുടെ തല കൊയ്തെടുത്തു. അപ്പോൾ ഈ ഈരടികൾ ചെല്ലുന്നുണ്ടായിരുന്നു:

*അനല്ലദീ ആഹദനീ ഖലീലീ*
*വ നഹ്നു ബിസ്സഫ്ഹി ലദന്നഖീലി*
*അൻല്ലാ അഖൂമദ്ദഹ് ഫിൽ കയൂലലി*
*അള്രിബ് ബിസയ്ഫില്ലാഹി വർറസൂലി*

എന്റെ സുഹൃത്ത് എന്നെക്കൊണ്ട് വാഗ്ദാനം ചെയ്യിച്ചിരിക്കുന്നു. ഞങ്ങൾ അന്ന് സ്വഫാ എന്ന സ്ഥലത്ത് ഈന്തപ്പന വൃക്ഷങ്ങൾക്കരികെ ആയിരുന്നു. ഞാൻ സൈന്യത്തിന്റെ പിന്നണിയിൽ നിൽക്കരുതെന്നും അല്ലാഹുവിന്റേയും റസൂലിന്റേയും വാൾകൊണ്ട് ശത്രുക്കൾക്കെതിരിൽ പോരാടണമെന്നുമായിരുന്നു ആ വാഗ്ദാനം.

ഹദ്റത്ത് അബൂദുജാന നെഞ്ചുവിരിച്ച് ഗർവോടുകൂടി, സൈന്യത്തിന്റെ അണികളിലൂടെ നടക്കാൻ തുടങ്ങിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: *ഇന്ന ഹദീഹീ മിശ് യത്തുൻ യുബ്ഗിളുഹല്ലാഹു അസ്സ വജല്ല ഇല്ലാ ഫീ ഹാദൽമുഖാമി* ഇങ്ങനെ നടക്കുന്നത് അല്ലാഹുവിനു ഇഷ്ടമല്ല; ഈ സ്ഥലത്ത് അതായത് യുദ്ധാവസരത്തിലൊഴികെ.(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം 7, പേജ് 100, അബൂ ദുജാന അൽഅൻസ്വാരി, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് ലബ്നാൻ 2005)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 2, പേജ് 317, സിമാക് ബിൻ ഖറശ, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ 2003)

ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ‘നബി(സ)തിരുമേനി ഉഹുദ് ദിവസം ഒരു വാൾ കാണിച്ചുകൊണ്ട് പറഞ്ഞു: *മൻ യഅ്ഖുദു ഹാദസ്സയ്ഫി ബിഹഖ്ഖിഹി?* ഈ വാൾ അതിന്റെ കടമയോടെ ഏറ്റെടുക്കാൻ ആരെങ്കിലുമുണ്ടോ? ഹദ്റത്ത് സുബയ്ർ(റ) പറയുന്നു: ഞാൻ എണീറ്റ് നിന്നു പറഞ്ഞു: ‘യാ റസൂലല്ലാഹ്! ഞാൻ തയ്യാറാണ്.’ നബി(സ)തിരുമേനി എന്നിൽനിന്ന് മുഖം തിരിച്ചു. നബി(സ)തിരുമേനി വീണ്ടും ചോദിച്ചു: ഈ വാൾ യഥാവിധി ഏറ്റെടുക്കാൻ ആരെങ്കിലുമുണ്ടോ? ഞാൻ വീണ്ടും പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ. നബി(സ)തിരുമേനി വീണ്ടും എന്നിൽ നിന്ന് മുഖംതിരിച്ചു. തുടർന്ന് നബി(സ)തിരുമേനി വീണ്ടും ചോദിച്ചു: ഈ വാൾ, അതിന്റെ കടമകളോടെ ഏറ്റെടുക്കാൻ ആരെങ്കിലുമുണ്ടോ? ഹദ്റത്ത് അബൂദുജാന സിമാക് ബിൻ ഖറശ എഴുന്നേറ്റ് പറഞ്ഞു: ‘യാ റസൂലല്ലാഹ്! ഈ വാൾ അതിന്റെ കടമകളോടെ ഏറ്റെടുക്കാൻ ഞാൻ തയ്യാറാണ്. അതിന്റെ കടമകൾ എന്താണ്?’ നബി(സ)തിരുമേനി പറഞ്ഞു: ഇതുകൊണ്ട് ഒരു മുസ്ലിമിനേയും വധിക്കരുത്. ഇത് ഉണ്ടായിരിക്കേ ഒരു നിഷേധിയിൽനിന്ന് പിന്തിരിഞ്ഞോടുകയുമരുത്. ഉറച്ച് നിന്നു പോരാടണം.’ഹദ്റത്ത് സുബയ്ർ(റ) പറയുന്നു: തുടർന്ന് നബി(സ)തിരുമേനി വാൾ അബൂദുജാനക്ക് കൊടുത്തു. അബൂദുജാന യുദ്ധത്തിന് പുറപ്പെടുമ്പോൾ ചെമന്ന ഉറുമാൽ തലയിൽ കെട്ടിയിരുന്നു. ഹദ്റത്ത് സുബയ്ർ പറയുന്നു: ഇദ്ദേഹം എങ്ങനെയാണ് ഈ വാളിന്റെ കടമ നിറവേറ്റുന്നതെന്ന് നോക്കണമെന്ന് എനിക്കു തോന്നി. ഹദ്റത്ത് സുബയ്ർ(റ) പറയുന്നു: അബൂദുജാന തന്റെ മുന്നിൽ വരുന്നവരെ ഓരോരുത്തരേയും വാളുകൊണ്ട് വെട്ടി വീഴ്ത്തി മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ ശത്രുസൈന്യത്തെ ഭേദിച്ച് അവരുടെ സ്ത്രീകളുടെ അടുക്കൽവരെ എത്തി. അവർ പർവ്വതത്തിന് താഴ്വാരത്ത് ദഫ് മുട്ടുകയായിരുന്നു. അതിൽ ഒരു സ്ത്രീ ഇങ്ങനെ പറയുന്നുണ്ടായിരുന്നു. അതൊരു ഈരടിയാണ്. അതിന്റെ തർജമ ഇപ്രകാരമാണ്; ഞങ്ങൾ പ്രഭാതനക്ഷത്രമായ ത്വാരിഖിന്റെ മക്കളാകുന്നു. അത് മേഘങ്ങളിലൂടെയാണ് നീങ്ങുന്നത്. നിങ്ങൾ മുന്നോട്ട് വന്നാൽ ഞങ്ങൾ ആലിംഗനം ചെയ്യുന്നതാണ്. വിശ്രമിക്കാൻ പഴുതു നോക്കുകയും പിന്മാറുകയുമാണെങ്കിൽ ഞങ്ങൾ നിങ്ങളിൽനിന്ന് അകന്നു മാറുന്നതാണ്. ഈ അകൽച്ച കാരണം പിന്നെ നിങ്ങളും ഞങ്ങളും തമ്മിൽ ഒരു ബന്ധവും ബാക്കിയാകുന്നതല്ല.

ഹദ്റത്ത് സുബയ്ർ(റ)പറയുന്നു: അബൂദുജാന ഒരു സ്ത്രീയെ വെട്ടുന്നതിനുവേണ്ടി വാൾ ഉയർത്തിയെങ്കിലും പിന്മാറുന്നതാണ് ഞാൻ കണ്ടത്. യുദ്ധം അവസാനിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു: നിങ്ങൾ ഒരു സ്ത്രീക്ക് നേരെ കൈ ഉയർത്തി, പിന്നെ താഴ്ത്താൻ കാരണമെന്താണ്? അദ്ദേഹം പറഞ്ഞു: ‘ഞാൻ നബി(സ) തിരുമേനിയുടെ വാളിനെ ആദരിച്ചതാണ്. അതുകൊണ്ട് ഒരു സ്ത്രീയെ ആക്രമിക്കുന്നത് ശരിയല്ല. ഏതെങ്കിലും സ്ത്രീയെ ആക്രമിക്കാൻ നബി(സ) തിരുമേനിയുടെ വാൾ ഉപയോഗിക്കുന്നത് ശരിയല്ല. അതുകൊണ്ടാണ് ഞാൻ അത് താഴ്ത്തിയത്.’ ഒരു നിവേദനത്തിൽ പറയുന്നു: ആ സ്ത്രീ അബൂസുഫിയാന്റെ ഭാര്യ ഹിന്ദ ആയിരുന്നു. അവർ മറ്റു സ്ത്രീകളോടൊപ്പം ചേർന്ന് ഗാനമാലപിക്കുകയായിരുന്നു. ഹദ്റത്ത് അബൂദുജാന തന്റെ വാൾ ഉയർത്തിയപ്പോൾ അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: ‘ഏ സ്വഖറേ!’ പക്ഷേ, ആരും സഹായത്തിനെത്തിയില്ല. തുടർന്ന് ഹദ്റത്ത് അബൂദുജാന വാൾ താഴ്ത്തി തിരികെവന്നു. ഹദ്റത്ത് സുബയ്ർ(റ) ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനിയുടെ വാളുകൊണ്ട് നിരാലംബയായ ഒരു സ്ത്രീയെ വധിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല.(അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, വാള്യം 4, പേജ് 440–441, കിതാബു മുഅ്രിഫത്തുസ്സ്വഹാബ, നിവേദന നമ്പർ 5088, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത് 2002)(ശറഹ് അല്ലാമ സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ, വാള്യം 2, പേജ് 406–407, കിതാബുൽമഗാസി, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)

ഹദ്റത്ത് അബൂദുജാനയുടെ ഈ സംഭവം അനുസ്മരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ പറയുന്നു:‘യുദ്ധത്തിൽ ശത്രുക്കൾക്ക് പരാജയം ഏറ്റുവാങ്ങേണ്ടി വന്നപ്പോൾ നിഷേധികൾ ദേഷ്യത്തിൽ അക്രമണോത്സുകരാകുകയുണ്ടായി. മുസ്ലിമീങ്ങളും തക്ബീർ വിളിച്ചു കൊണ്ട് മുന്നോട്ടു ഗമിച്ചു. ഇരുസൈന്യങ്ങളും മുഖാമുഖം വന്നു. ഒരുപക്ഷേ, ഈ സന്ദർഭത്തിൽ ആണെന്നു തോന്നുന്നു, നബി(സ)തിരുമേനി തന്റെ വാളെടുത്തുകൊണ്ട് ചോദിച്ചു: ‘ആരാണ് ഈ വാൾ ഏറ്റെടുത്ത് അതിന്റെ കടമ നിറവേറ്റുക?’ നിരവധി സ്വഹാബാക്കൾ, അഭിമാനമായി കരുതി തങ്ങളുടെ കൈ ഉയർത്തി. അവരിൽ ഹദ്റത്ത് ഉമറും(റ) സുബയ്റും(റ) മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് അബൂബക്കറും(റ) ഹദ്റത്ത് അലിയും(റ) ഉണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനി തന്റെ കൈ ഉയർത്താതെ വീണ്ടും ആരെങ്കിലും ഇതിന്റെ കടമ പൂർത്തിയാക്കാൻ കഴിയുന്നവരുണ്ടോ എന്ന് ചോദിച്ചുകൊണ്ടിരുന്നു. ഒടുവിൽ അബൂദുജാന അൻസ്വാരി, തന്റെ കൈ നീട്ടിക്കൊണ്ട് പറഞ്ഞു: ‘യാ റസൂലല്ലാഹ്! എനിക്ക് തന്നാലും!’ നബി(സ) തിരുമേനി ആ വാൾ അദ്ദേഹത്തിനു നൽകി. അബൂദുജാന അത് കൈയിലേന്തി അഭിമാനപൂർവ്വം, നെഞ്ചുവിരിച്ച് ഗർവോടുകൂടി നിഷേധികൾക്കിടയിലേക്ക് നീങ്ങി. നബി(സ)തിരുമേനി സ്വഹാബാക്കളോട് പറഞ്ഞു: ‘അല്ലാഹുവിന് ഇങ്ങനെ നടക്കുന്നത് ഇഷ്ടമല്ല. എന്നാൽ, ഇത്തരം സന്ദർഭത്തിൽ അനിഷ്ടകരവുമല്ല.’ ഹദ്റത്ത് സുബയ്ർ(റ) നബി(സ)തിരുമേനിയുടെ വാൾ കര

സ്ഥമാക്കാൻ ഏറെ ആഗ്രഹിച്ചിരുന്നു. അടുത്ത ബന്ധു എന്ന നിലയ്ക്ക് തന്റെ അവകാശമാണെന്നും ധരിച്ചിരുന്നു. അതേസമയം നബി(സ) തിരുമേനി എന്തുകൊണ്ട് തനിക്ക് അത് നൽകാതെ, അബൂദുജാനയ്ക്ക് കൊടുത്തു എന്ന കാര്യത്തിൽ മനസ്സിൽ അസ്വസ്ഥതയുമുണ്ടായിരുന്നു. ഈ അസ്വസ്ഥത പരിഹരിക്കാൻ അബൂദുജാനക്കൊപ്പം നിന്നുകൊണ്ട്, അദ്ദേഹം അതുകൊണ്ട് എന്താണ് ചെയ്യുന്നതെന്ന് നോക്കാൻ മനസിൽ ശപഥം ചെയ്തു. അദ്ദേഹം പറയുന്നു: അബൂദുജാന തലയിൽ ചെമന്ന തുണി കെട്ടി. സ്തുതിഗീതങ്ങൾ മൂളിക്കൊണ്ട് ആ വാളുമായി നിഷേധികളുടെ അണികൾക്കിടയിലേക്ക് കടന്നു കയറി. ഞാൻ കണ്ടത് അദ്ദേഹം പോകുന്നിടങ്ങളിലെല്ലാം മരണം വിതയ്ക്കുന്നതാണ്. അദ്ദേഹത്തിന്റെ മുന്നിൽ വന്ന ഒരാളും രക്ഷപ്പെട്ടതായി ഞാൻ കണ്ടില്ല. എത്രത്തോളമെന്നാൽ അദ്ദേഹം ഖുറയ്ശി സൈന്യത്തിനിടയിലൂടെ തന്റെ വഴി തെളിച്ചുകൊണ്ട് മറുഭാഗത്തെത്തി. അവിടെ ഖുറയ്ശീ സ്ത്രീകൾ നിൽക്കുന്നുണ്ടായിരുന്നു. അബൂസുഫിയാന്റെ ഭാര്യ ഹിന്ദ, വളരെ ഉച്ചത്തിൽ ശബ്ദമുണ്ടാക്കി, തങ്ങളുടെ പുരുഷന്മാർക്ക് ആവേശം പകരുകയായിരുന്നു. അദ്ദേഹം അവർക്ക് മുന്നിലെത്തി വാൾ ഉയർത്തി, അപ്പോൾ ഹിന്ദ വളരെ ഉച്ചത്തിൽ നിലവിളിച്ചു. തന്റെ ജനങ്ങളെ സഹായത്തിന് വിളിച്ചു. എന്നാൽ, ആരുംതന്നെ അവരുടെ സഹായത്തിനെത്തിയില്ല. സുബയ്ർ പറയുന്നു: ആ സമയത്ത് അബൂദുജാന, സ്വയം തന്റെ വാൾ താഴ്ത്തി പിന്നോട്ടു മാറുന്നത് കാണാനിടയായി. ഹദ്റത്ത് സുബയ്ർ നിവേദനം. അദ്ദേഹം പറഞ്ഞു: ആ സമയത്ത് ഞാൻ അബൂദുജാനയോട് ചോദിച്ചു: 'ആദ്യം താങ്കൾ വാൾ ഉയർത്തിയെങ്കിലും പിന്നെ അത് താഴ്ത്താൻ എന്താണ് കാരണം?' അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനിയുടെ വാൾ, ഏതെങ്കിലും സ്ത്രീക്ക് നേരെ ഉപയോഗിക്കാൻ എന്റെ മനസ്സ് അനുവദിച്ചില്ല. ആ സ്ത്രീയുടെ അടുത്താകട്ടെ സംരക്ഷിക്കാൻ ഒരു പുരുഷൻപോലും ഉണ്ടായിരുന്നില്ലതാനും. ഹദ്റത്ത് സുബയ്ർ(റ) പറയുന്നു: നബി(സ)തിരുമേനിയുടെ വാളിന്റെ കടമ അബൂദുജാന യഥാവിധി നിറവേറ്റിയതായി എനിക്ക് അപ്പോൾ ബോധ്യമായി. ഒരുപക്ഷേ, എനിക്ക് അതിന് കഴിയുമായിരുന്നില്ല. എന്റെ മനസ്സിലെ അസ്വസ്ഥതയും മാറിക്കിട്ടി.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 489–490)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: 'ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനി ഒരു വാൾ എടുത്തിട്ട് പറഞ്ഞു: 'ഈ വാൾ, അതിന്റെ കടമ യഥാവിധി നിറവേറ്റാമെന്ന് വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക് ഞാൻ നൽകുന്നതാണ്.' നിരവധി ആളുകൾ ആ വാൾ കരസ്ഥമാക്കാൻ എഴുന്നേറ്റെങ്കിലും നബി(സ)തിരുമേനി പ്രസ്തുത വാൾ, അബൂദുജാന അൻസ്വാരിക്കാണ് നൽകിയത്. യുദ്ധത്തിൽ ഒരിടത്ത് മക്കക്കാരുടെ കുറച്ച് സൈനികർ അബൂദുജാനയെ ആക്രമിച്ചു. അപ്പോൾ അദ്ദേഹം അവരുമായി ഏറ്റുമുട്ടുകയായിരുന്നു. ഒരു സൈനികൻ വളരെ ആവേശത്തോടെ യുദ്ധത്തിൽ പങ്കെടുക്കുകയാണ്. അദ്ദേഹം (ഹദ്റത്ത് അബൂദുജാന) തന്റെ വാളെടുത്ത് അയാളുടെ അടുത്തേക്ക് കുതിച്ചു. തുടർന്ന് അയാളെ ഒഴിവാക്കി തിരിച്ചുവന്നു. അതായത് ഹദ്റത്ത് അബൂദുജാന വാളെടുത്തു അയാളിലേക്ക് ഓങ്ങിയെങ്കിലും തിരിച്ചുവന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ആരോ അദ്ദേഹത്തോട് ചോദിച്ചു: 'നിങ്ങൾ എന്തിനാണ് അയാളെ ഒഴിവാക്കിയത്?' അദ്ദേഹം പറഞ്ഞു: 'ഞാൻ ആ വ്യക്തിയുടെ അടുത്തേക്ക് പോയപ്പോൾ അയാൾ ഒരു വാക്യം പറഞ്ഞു. അതു കേട്ടപ്പോൾ അതായത് അയാൾ ഒരു കാര്യം പറഞ്ഞതിൽനിന്ന് അത് പുരുഷനല്ലെന്നും സ്ത്രീയാണെന്നും എനിക്ക് ബോധ്യമായി. അത് അയാളുടെ ഒരു സുഹൃത്താണ് പറഞ്ഞുതന്നത്. ഏതായിരുന്നാലും പുരുഷന്മാരെപോലെ അവർ യുദ്ധം ചെയ്തിരുന്നു. 'പിന്നെ എന്തിനാണ് താങ്കൾ അവരെ വെറുതെ വിട്ടത്?' അബൂദുജാന പറഞ്ഞു: 'നബി(സ)തിരുമേനി തന്ന, വാൾ ഏതെങ്കിലും ദുർബല സ്ത്രീയെ ആക്രമിക്കാൻ വേണ്ടി ഉയർത്തുന്നത് എനിക്ക് ഇഷ്ടമല്ലായിരുന്നു.' തുടർന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ)തിരുമേനി സ്ത്രീകളെ ബഹുമാനിക്കാനും ആദരിക്കാനും എപ്പോഴും ഉപദേശിച്ചിരുന്നു. അതുകാരണം നിഷേധികളുടെ സ്ത്രീകൾ മുസ്ലിമീങ്ങൾക്ക് നഷ്ടം ഉണ്ടാക്കാൻ ധൈര്യപൂർവ്വം ശ്രമിച്ചിരുന്നു. എന്നിട്ടും മുസ്ലിമീങ്ങൾ ഇക്കാര്യങ്ങൾ എല്ലാം സഹിച്ചുകൊണ്ടിരുന്നു.' (തഫ്സീറെ കബീർ, വാല്യം2, പേജ് 421–422)

അബൂദുജാനയെ സംബന്ധിച്ച് സുപ്രസിദ്ധ പാശ്ചാത്യ എഴുത്തുകാരൻ സർ വില്യം മൂയിർ എഴുതുന്നു: യുദ്ധാരംഭത്തിൽ നബി(സ)തിരുമേനി തന്റെ വാളെടുത്തുകൊണ്ട് പറഞ്ഞു: 'ഈ വാൾ അതിന്റെ കടമയോടുകൂടി ഏറ്റെടുക്കാൻ ആരെങ്കിലുമുണ്ടോ? ഉമർ, സുബയ്ർ തുടങ്ങി നിരവധി സ്വഹാബാക്കൾ അതേറ്റെടുക്കാൻ ആഗ്രഹിച്ചു. എന്നാൽ, നബി(സ)തിരുമേനി അതെല്ലാം നിരാകരിച്ചു. അവസാനം അബൂദുജാന ആവശ്യപ്പെട്ടപ്പോൾ മുഹമ്മദ്(സ) അദ്ദേഹത്തിനു അത് നൽകി. അദ്ദേഹം അതുകൊണ്ട് ശത്രുക്കളുടെ ശിരസ്, ശരീരത്തിൽ നിന്ന് അറുത്തു മാറ്റിക്കൊണ്ടിരുന്നു.(LIFE OF MAHOMET by Sir William Muir, pg:269 Smith Elder & co, Waterloo place London 1878).

തുടർന്ന് എഴുതുന്നു: മുസ്ലിമീങ്ങളുടെ ഭയാനകമായ ആക്രമണത്തിനു മുന്നിൽ മക്കക്കാരുടെ സൈന്യത്തിന് ചുവടുകൾ പിഴക്കാൻ തുടങ്ങി. ഖുറയ്ശികളുടെ സൈനിക സംഘങ്ങൾ, പലപ്രാവശ്യം ഇസ്ലാമിക സൈന്യത്തിന്റെ ഇടതുഭാഗത്തൂടെ ആക്രമണം നടത്താൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, എല്ലാ പ്രാവശ്യവും അവർക്ക് 50 പേരടങ്ങുന്ന സംഘത്തിന്റെ ശരവർഷമേറ്റ് പിന്മാറേണ്ടി വന്നു. ഈ സംഘത്തെ നബി(സ)തിരുമേനി പ്രത്യേകമായി തയ്യാറാക്കിയിരുന്നതാണ്. ബദ്ർ യുദ്ധത്തിൽ കാണിച്ചിരുന്നതുപോലെ ഉഹുദിന്റെ രണാങ്കണത്തിലും മുസ്ലിമീങ്ങൾ ധൈര്യത്തിലും സ്ഥൈര്യത്തിലും മരണത്തിലും ആപൽഘട്ടത്തിലും അതേ കൂസലില്ലായ്മ തന്നെയാണ് പ്രകടിപ്പിച്ചത്. മക്കക്കാരുടെ സൈനിക അണികൾ ചിന്നിച്ചിതറിക്കൊണ്ടിരുന്നു. അപ്പോൾ അബൂദുജാന തന്റെ തലയിൽ ചെമന്ന ഉറുമാൽ കെട്ടി അവരെ ആക്രമിക്കുകയായിരുന്നു. അദ്ദേഹത്തിന് നബി(സ)തിരുമേനി നൽകിയ വാൾ കൊണ്ട് അദ്ദേഹം നാലുപാടും മരണം വിതയ്ക്കുന്നുണ്ടായിരുന്നു. ഹംസ, തന്റെ തലയിൽ ഒട്ടകപ്പക്ഷിയുടെ തൂവൽ കൊണ്ടുള്ള തൊപ്പിയുംവച്ച് എല്ലാ സ്ഥലത്തും കാണപ്പെടുന്നുണ്ടായിരുന്നു. അലി തന്റെ നീളമുള്ള വെള്ളക്കൊടിയും സുബയ്ർ തന്റെ തിളങ്ങുന്ന മഞ്ഞ തലപ്പാവുമായി എലിയറ്റ് ഫോഴ്സിനെപോലെ പോകുന്നിടത്തെല്ലാം ശത്രുക്കൾക്ക് മരണത്തെയും അസ്വസ്ഥതയുടെയും സന്ദേശമാണ് നൽകിയിരുന്നത്. ഈ കാഴ്ചകളാണ് പിന്നീട് ഇസ്ലാമിക വിജയങ്ങളുടെ ഹീറോകളെ സുശിക്ഷിതരാക്കിയത്.'(സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ് 490)

ഞാൻ ഈ വിവരിച്ചതെല്ലാം സീറത്ത് ഖാത്തമുന്നബിയ്യീനിൽ വന്നതാണ്.

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ)നിവേദനം. നബി(സ)തിരുമേനി ഉഹുദിൽനിന്ന് തിരിച്ചു വന്നപ്പോൾ മകൾ ഫാത്വിമക്ക് തന്റെ വാൾ കൊടുത്തിട്ട് പറഞ്ഞു: 'മോളേ! ഇതിലെ ചോര തുടച്ചു വൃത്തിയാക്കുക.' ഹദ്റത്ത് അലിയും തന്റെ വാൾ കൊടുത്തിട്ട് വൃത്തിയാക്കാൻ പറഞ്ഞു, ഇത് ഇന്ന് എനിക്ക് നല്ലപോലെ ഉപകാരപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഇന്ന് നിങ്ങൾ യുദ്ധത്തിൽ യഥാവിധി കടമ നിറവേറ്റിയെങ്കിൽ തീർച്ചയായും സഹ്ൽ ബിൻ ഹുനയ്ഫും അബൂദുജാനയും യുദ്ധത്തിൽ കടമകൾ പൂർത്തിയാക്കിയവർ തന്നെയാണ്.' ഒരു നിവേദനത്തിൽ സഹ്ൽ ബിൻ ഹുനയ്ഫ് എന്നതിന് പകരം ഹാരിസ് ബിൻ സിമ്മയുടെ പേരും വന്നിട്ടുണ്ട്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാല്യം 2, പേജ് 317, സിമാക് ബിൻ ഖറശ, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ 2003)(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 420, അബൂദുജാന, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് സയ്ദ് ബിൻ അസ്ലം(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഹദ്റത്ത് അബൂദുജാന രോഗിയായപ്പോൾ,ജനങ്ങൾ അദ്ദേഹത്തിന്റെ അടുക്കലെത്തി. അപ്പോൾ അദ്ദേഹത്തിന്റെ മുഖം തിളങ്ങുന്നുണ്ടായിരുന്നു. ആരോ ചോദിച്ചു: 'താങ്കളുടെ മുഖം എന്തുകൊണ്ടാണ് തിളങ്ങുന്നത്?' ഹദ്റത്ത് അബൂദുജാന പറഞ്ഞു: 'എന്റെ കർമങ്ങളിൽ രണ്ടു കാര്യങ്ങൾ എന്റെ വീക്ഷണത്തിൽ വളരെ ഭാരമേറിയതും ഉറപ്പുള്ളതുമാകുന്നു. ഒന്ന്, ഞാനുമായി ബന്ധമില്ലാത്ത ഒരു കാര്യവും ഞാൻ പറയാറില്ല. രണ്ട്, എന്റെ ഹൃദയം മുസ്ലിമീങ്ങളെ സംബന്ധിച്ച് സംശുദ്ധമാകുന്നു.'(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 420, അബൂദുജാന, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് അബൂദുജാന യമാമ യുദ്ധത്തിൽ ശഹീദായി. മുസയ്ലിമത്തുൽ കദ്ദാബ്, നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം കള്ളനുബൂവ്വത്ത് വാദവുമായി മദീനയിലേക്ക് സൈനിക നീക്കം നടത്താൻ ആഗ്രഹിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അയാളെ തുരത്തുന്നതിനു വേണ്ടി ഹിജ്റ 12–ൽ ഒരു സൈന്യത്തെ അയക്കുകയുണ്ടായി. ഹദ്റത്ത് അബൂദുജാനയും ഈ സൈന്യത്തിന്റെ ഭാഗമായിരുന്നു. ഹദ്റത്ത് അബൂദുജാന, യമാമ യുദ്ധത്തിൽ ശക്തമായി പൊരുതി, ശഹാദത്ത് പദവി കരസ്ഥമാക്കി. പുരാതന അറേബ്യൻ ഗോത്രമായ ബനൂ ഹുനയ്ഫയുടെ ഒരു വലിയ വിഭാഗം മുസയ്ലിമ ത്തുൽകദ്ദാബിന്റെ കീഴിൽ കലാപം തുടങ്ങി. അവർക്ക് യമാമയിൽ തോട്ടമുണ്ടായിരുന്നു. അതിൽ അവർ ഒന്നിച്ചുകൂടി യുദ്ധം ചെയ്യുകയായിരുന്നു. മുസ്ലിമീങ്ങൾക്ക് അതിനകത്തേ് കടക്കാൻ കഴിഞ്ഞിരുന്നില്ല. ഹദ്റത്ത് അബൂദുജാന മുസ്ലിമീങ്ങളോട് പറഞ്ഞു: 'എന്നെ നിങ്ങൾ തോട്ടത്തിലേക്ക് എടുത്തിടുക.' മുസ്ലിമീങ്ങൾ അങ്ങനെ തന്നെ ചെയ്യുകയുണ്ടായി. എന്നാൽ, അദ്ദേഹം മറിഞ്ഞു വീണ കാരണത്താൽ കാല് പൊട്ടിപ്പോയി. എന്നിട്ടും അദ്ദേഹം തോട്ടത്തിന്റെ വാതിൽക്കലിൽ യുദ്ധം ചെയ്തു കൊണ്ടിരുന്നു. നിഷേധികളെ അവിടെ നിന്നും മാറ്റി. മുസ്ലിമീങ്ങൾ അകത്ത് പ്രവേശിച്ചു. ഹദ്റത്ത് അബൂദുജാന മുസയ്ലിമത്തുൽ കദ്ദാബിന്റെ വധത്തിൽ അബ്ദുല്ലാഹ് ബിൻ സയ്ദിന്റേയും വഹ്ശി ബിൻ ഹർബിന്റേയും കൂടെ പങ്കാളിയായിരുന്നു. യമാമ ദിവസമാണ് അദ്ദേഹം ശഹീദായത്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാല്യം 2, പേജ് 318, സിമാക് ബിൻ ഖറശ, പ്രസാ

ധകർ ദാറുൽഫിക്ർ ബെയ്റുത്ത് ലെബ്നാൻ 2003)(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 4, പേജ് 209, അബൂദുജാന അൽ അൻസാരി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2010)(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 420, അബൂദുജാന, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990) (ഉർദു ദാഇറ, മആരിഫെ ഇസ്‌ലാമിയ്യ, വാള്യം 8, പേജ് 695, ശുഅ്ബയെ ഉർദു ലാഹോർ)

ഒരു നിവേദനത്തിൽ ഹദ്റത്ത് അബൂദുജാന സ്വഫ്ഫീൻ യുദ്ധത്തിൽ ഹദ്റത്ത് അലിയുടെ ഭാഗത്തുനിന്ന് പൊരുതിക്കൊണ്ടാണ് വഫാത്തായതെന്ന് പറയുന്നു. എന്നാൽ, ഈ നിവേദനം ദുർബലമാകുന്നു. നേരത്തെ പറഞ്ഞ നിവേദനമാണ് ശരിയും കൂടുതൽ വിവരിക്കപ്പെട്ടിട്ടുള്ളതും. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാള്യം 3, പേജ് 318, സിമാക് ബിൻഖറശ, പ്രസാധകർ ദാറുൽഫികർ ബെയ്റുത്ത്, ലബ്നാൻ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)

ഹദ്റത്ത് അബൂദുജാനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ഇവിടെയും കുറച്ചുഭാഗങ്ങൾ വിവരിക്കാം: 'അബൂദുജാന, അൻസാരി ആയിരുന്നു. നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുന്നതിന് മുമ്പേ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നു. മദീനാവാസിയായിരുന്നു. ബദ്ർ യുദ്ധത്തിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കാൻ അദ്ദേഹത്തിനും അവസരം ലഭിച്ചിരുന്നു. വളരെ ധൈര്യപൂർവ്വം അദ്ദേഹം തന്റെ കഴിവ് തെളിയിച്ചതാണ്. അതുപോലെ ഉഹുദ് യുദ്ധത്തിലും അദ്ദേഹത്തിന് പങ്കെടുക്കാൻ തൗഫീഖ് ലഭിച്ചിരുന്നു. യുദ്ധഗതി മാറിയശേഷം, അതായത് ആദ്യം മുസ്‌ലിമീങ്ങൾ വിജയിക്കുകയായിരുന്നു. പിന്നെ ഗതിമാറുകയും ഒരു സ്ഥലം ഒഴിവാക്കിയ കാരണത്താൽ നിഷേധികൾ വീണ്ടും ആക്രമിക്കുകയും യുദ്ധഗതി മുസ്‌ലിമീങ്ങൾക്ക് എതിരാവുകയും ചെയ്തു. ആ സമയത്ത് നബി(സ)തിരുമേനിയുടെ അടുക്കൽ ഉണ്ടായിരുന്ന സ്വഹാബാക്കളിൽ ഹദ്റത്ത് അബൂദുജാനയും ഉണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ സംരക്ഷണ പ്രതിരോധത്തിൽ അദ്ദേഹത്തിന് ഗുരുതരമായ പരിക്കേറ്റു. പക്ഷേ, പരിക്കുകളുണ്ടായിട്ടും അദ്ദേഹം പിന്മാറിയില്ല. ഒരിക്കൽ രോഗാവസ്ഥയിൽ തന്റെ സുഹൃത്തിനോട് അദ്ദേഹം പറഞ്ഞു: ഒരുപക്ഷേ, എന്റെ രണ്ട് കർമങ്ങൾ അല്ലാഹു സ്വീകരിക്കുന്നതായിരിക്കും. ഒന്ന്, ഞാൻ അനാവശ്യമായി സംസാരത്തിൽ ഏർ പ്പെടാറില്ല. പരദൂഷണം പറയാറില്ല. ജനങ്ങളുടെ അഭാവത്തിൽ അവരെപ്പറ്റി പറയാറില്ല. രണ്ട്, എന്റെ ഹൃദയത്തിൽ ഒരു മുസ്‌ലിമിനെ സംബന്ധിച്ചും വെറുപ്പും വിദ്വേഷവുമില്ല.' ഇദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരണം ഇവിടെ അവസാനിക്കുകയാണ്.

ഇനി ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കുന്നതും അവരുടെ ജനാസ നമസ്കരിക്കുന്നതുമാണ്. അതിൽ ഒരാൾ കഴിഞ്ഞ ദിവസം ശഹീദാക്കപ്പെട്ട പിശാവർ ജില്ലയിലെ ജനാബ് മഹ്ബൂബ് ഖാൻ സാഹിബ് ബിൻ സയ്യിദ് ജലാൽ സാഹിബാണ്. മഹ്ബൂബ് ഖാൻ സാഹിബിനെ അഹ്മദിയ്യ വിരോധികൾ 2020 നവംബർ 8ന് രാവിലെ 8 മണിക്ക് പിശാവറിലെ ശെയ്ഖ് മുഹമ്മദീ എന്ന ഗ്രാമത്തിൽ വെടിവച്ച് ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വിശദവിവരങ്ങളുടെ അടിസ്ഥാനത്തിൽ മഹ്ബൂബ് ഖാൻ സാഹിബ്, അടുത്ത സ്ഥലമായ ശെയ്ഖ് മുഹമ്മദീ എന്ന ഗ്രാമത്തിൽ കുടുംബസമേതം താമസിക്കുന്ന തന്റെ പൗത്രിയുടെ അടുത്ത് നവംബർ 6ന് പിശാവറിലെ ഖുശ്ഹാൽ ടൗണിൽ പോയതായിരുന്നു. നവംബർ 8ന് തിരിച്ചുവരാൻ വീട്ടിൽനിന്ന് പുറപ്പെട്ട് ബസ്സ്റ്റാൻഡിന് സമീപം എത്തിയപ്പോൾ അജ്ഞാതരായ ആളുകൾ പിന്തുടരുകയും അദ്ദേഹത്തിന് നേരെ നിറയൊഴിക്കുകയും ചെയ്തു. ഒരു വെടിയുണ്ട തലയിൽ പിൻഭാഗത്താണ് കൊണ്ടത്. അത് മുന്നിലൂടെ പുറത്തെത്തി. അതു കാരണം സംഭവസ്ഥലത്ത് തന്നെ മരണപ്പെട്ടു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. സംഭവത്തിനുശേഷം കൊലയാളികൾ ഓടിപ്പോയി. ഒരാൾ മാത്രമായിരുന്നു. അയാൾ ഓടിപ്പോയി. ശഹീദിന് ഏകദേശം 80 വയസ്സായിരുന്നു പ്രായം ശഹീദ് മർഹൂം പബ്ലിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിന്ന് 2002ൽ ഓഫീസർ സൂപ്രണ്ടായി വിരമിച്ചു. വിശ്രമജീവിതം നയിക്കുകയായിരുന്നു. ശഹീദ് മർഹൂമിന്റെ പിതാവ് സയ്യിദ് ജലാൽ സാഹിബ് 1930 കളുടെ മധ്യത്തിലാണ് ബയ്അത്ത് ചെയ്തത്. ശഹീദ് മർഹൂം ജന്മനാ അഹ്മദിയായിരുന്നു. മർഹൂം നിരവധി നന്മകൾക്ക് ഉടമയായിരുന്നു. തഹ്ജ്ജുദിൽ കൃത്യനിഷ്ഠയും സൽസ്വഭാവവും ആതിഥ്യമര്യാദയും കൂടാതെ ദാനധർമവും അദ്ദേഹത്തിന്റെ സവിശേഷതകളായിരുന്നു. ദഅ്‌വത്തെ ഇലല്ലാഹ് ൽ ഉന്മാദിയെപ്പോലെയുള്ള ആവേശമായിരുന്നു. സത്യസന്ദേശ പ്രചാരണത്തിൽ എപ്പോഴും മുന്നിലുണ്ടായിരുന്നു. ശ്രദ്ധിക്കണമെന്ന് പറഞ്ഞാൽ, ഇത് അല്ലാഹുവിന്റെ സവിധത്തിൽ എത്താനുള്ള പ്രായമാണെന്നും ശഹാദത്ത് കിട്ടിയാൽ അത് എന്റെ സൗഭാഗ്യമാണെന്നും പറയുമായിരുന്നു. ശഹാദത്തിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും പൂർത്തിയായി. മഹ്ബൂബ് ഖാൻ സാഹിബിന്റെ ഭാര്യ മിഅ്റാജ് ബേഗം സാഹിബയുടെ പിതാവ് മുഹമ്മദ് സയീദ് സാഹിബും പിതൃസഹോദരൻ ബശീർ അഹ്മദ് സാഹബും 1966 ൽ ശഹീദായിരുന്നു. ഇപ്പോൾ ഈ സൗഭാഗ്യം അവരുടെ ഭർത്താവിനും ലഭിച്ചിരിക്കുന്നു. അങ്ങനെ അവർ ശഹീദിന്റെ മകളും ശഹീദിന്റെ സഹോദരപുത്രിയും ശഹീദിന്റെ ഭാര്യയുമായി. ദുഃഖാർത്തരായ അദ്ദേഹത്തിന്റെ കുടുംബത്തിൽ ഭാര്യ മിഅ്റാജ് ബീഗം സാഹിബയെക്കൂടാതെ രണ്ട് ആൺമക്കൾ മുനവ്വർ സാഹിബ്, ഫള്ൽ അഹ്മദ് സാഹിബ് എന്നിവരും രണ്ട് പെൺമക്കൾ സക്കിയ ബേഗം സാഹിബ, വഹീദ ബേഗം എന്നിവരും രണ്ട് പൗത്രന്മാരും ഒരു പൗത്രിയും 6 ദൗഹിത്രന്മാരും 4 ദൗഹിത്രിമാരുമുണ്ട്. അദ്ദേഹത്തിന്റെ ചെറിയ മകൻ, മൈക്രോബയോളജിയിൽ പി.എച്ച്.ഡി എടുത്തിട്ടുണ്ട്, ആസ്ട്രേലിയയിലാണ്. രണ്ടാമത്തെയാൾ ഫള്ൽ അഹ്മദ് സാഹിബ് ജർമനിയിലാണ്. വിദ്യാസമ്പന്നനാണ്. ഇംഗ്ലീഷിൽ മാസ്റ്റർ ബിരുദധാരിയാണ്.

അദ്ദേഹത്തിന്റെ മകൻ മുനവ്വർ ഖാൻ സാഹിബ് പറയുന്നു: 'മഹ്ബൂബ് ഖാൻ സാഹിബ് തന്റെ പ്രദേശത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിൽ സജീവമായിരുന്നു. ചിലപ്പോൾ അടിപിടി കേസുകളിൽ രഞ്ജിപ്പുണ്ടാക്കുന്നതിനുവേണ്ടി, തന്റെ പക്കൽനിന്ന് നഷ്ടപരിഹാരം (ബ്ലഡ് മണി) നൽകിയിരുന്നു. ദരിദ്രരേയും സാധുക്കളേയും സഹായിക്കാൻ സദാ സന്നദ്ധനായിരുന്നു. ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾക്ക് നിസ്സങ്കോചം അദ്ദേഹത്തെ സമീപിച്ചിരുന്നു. അവരെ സേവിക്കാൻ കുറച്ച് ധാന്യവും തുകയും എപ്പോഴും ശേഖരിച്ചുവെച്ചിരുന്നു. വളരെ വിനയാന്വിതനും മിതഭാഷിയുമായിരുന്നു. ഏറെ സഹനശീലനും മറ്റുള്ളവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്ന ആളും എപ്പോഴും അവരെ സഹായിക്കാൻ ബദ്ധശ്രദ്ധനുമായിരുന്നു. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ബന്ധുമിത്രാദികൾക്ക് അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, പാകിസ്താനിലെ മുബല്ലിഗ് ഫഖർ അഹ്മദ് ഫറഖ് സാഹിബിന്റേതാണ്. 2020 നവംബർ ഒന്നിന് വൈകിട്ട് 6:15 ന് തന്റെ മകനോടൊപ്പം അഹ്മദ് നഗറിൽനിന്ന് വരുമ്പോൾ വാഹനാപകടത്തിൽ ഇഹലോകവാസംവെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വളരെ ഭയാനകമായ അപകടമാണുണ്ടായത്. സംഭവസ്ഥലത്തുതന്നെ പിതാവും മകനും മരണപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഫഖ്ർ സാഹിബ് മൂസിയായിരുന്നു.

ഫഖ്ർ സാഹിബിന്റെ പിതാവ് സയ്ഫുർറഹ്മാൻ സാഹിബ് ബയ്അത്ത് ചെയ്തു വന്നതാണ്. അദ്ദേഹത്തിനു മുമ്പേ കുടുംബത്തിൽ ആരും അഹ്മദികൾ ഇല്ലായിരുന്നു. 1968 ൽ അദ്ദേഹം ബയ്അത്ത് ചെയ്തു. കുടുംബത്തിലെ ആദ്യത്തെ അഹ്മദിയാണ്. ഫഖ്ർ അഹ്മദ് സാഹിബിന് 1996–ൽ ജാമിഅഃ അഹ്ദിയ്യായിൽനിന്ന് പാസായ ശേഷം പാക്കിസ്താനിൽ വിവിധ സ്ഥലങ്ങളിൽ സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. പിന്നെ അദ്ദേഹം പശ്ചിമാഫ്രിക്കയിലെ ഐവറി കോസ്റ്റിൽ നിയോഗിതനായി. കഴിഞ്ഞ 8 വർഷമായി അഹ്മദ് നഗറിൽ മുറബ്ബിയായി സേവനം ചെയ്തു വരികയായിരുന്നു. അലി അസ്ഹർ സാഹിബിന്റെ മകൾ ത്വാഹിറ ഫഖ്ർ സാഹിബയുമായാണ് അദ്ദേഹത്തിന്റെ വിവാഹം നടന്നത്. ഈ വിവാഹത്തിൽ നാലു പെൺമക്കളും ഒരു മകനും (ഇഹ്തിശാം അബ്ദുല്ലാഹ്) ഉണ്ട്. മകൻ പിതാവിനോടൊപ്പം വാഹനാപകടത്തിൽ മരണപ്പെട്ടു. ഇനി സന്തപ്ത കുടുംബത്തിൽ ഭാര്യയും 4 പെൺമക്കളും മാതാവും സഹോദരി സഹോദരന്മാരുമുണ്ട്. പെൺമക്കൾ വജീഹ, അമത്തുസ്സബൂഹ്, അസീസ ഖാഫിയാ ഫഖ്ർ, സംറീൻ ഫഖ്ർ, മഹ്ദീൻ ഫഖ്ർ എന്നിവരാണ്.

ഫഖ്ർ സാഹിബിന്റെ ഭാര്യ ത്വാഹിറ സാഹിബ എഴുതുന്നു: ഞങ്ങളുടെ വിവാഹം കഴിയുമ്പോൾ അദ്ദേഹത്തിന് ഖുശാബ് എന്ന സ്ഥലത്ത് ഗ്രാമത്തിലായിരുന്നു പോസ്റ്റിംഗ്. ഞാൻ അവിടെ സെന്ററിൽ പോയപ്പോൾ എനിക്ക് ഒരു മുബല്ലിഗിന്റെ ഭാര്യയുടെ കടമകൾ വിവരിച്ചു തന്നു(കൊണ്ട് പറഞ്ഞു): ഇനി നീയും എന്നോടൊപ്പം വഖ്ഫാണ്, നിനക്കും ജമാഅത്തീ ജോലികളിൽ സജീവമായി പങ്കെടുക്കേണ്ടി വരും. അങ്ങനെയാണ് ശിക്ഷണം നൽകിയത്. പിന്നെ അദ്ദേഹത്തിന് ബദീൻ എന്ന സ്ഥലത്ത് മാറ്റം കിട്ടി. അദ്ദേഹം നേരത്തെ അവിടെ പോയിരുന്നു. കുറച്ചു കാലത്തിനു ശേഷമാണ് ഞാൻ അവിടെ പോയത്. പറയുന്നു: നേരത്തെ അറിയിപ്പ് കൊടുത്തിട്ടാണ് ഞാൻ അവിടെ എത്തിയത്. പക്ഷേ, അദ്ദേഹം അവിടെ സെന്ററിൽ, വീട്ടിൽ ഇല്ലായിരുന്നു. ഞാൻ മസ്ജിദിൽ വെയിലുകൊണ്ട് പകൽ മുഴുവനും കഴിച്ചുകൂട്ടി. അദ്ദേഹം ഏതോ ഒരു മുഅല്ലിം സാഹിബിന്റെ ഭാര്യ രോഗിയായതുകൊണ്ട് രക്തം കൊടുക്കാൻ പോയതായിരുന്നു. അദ്ദേഹം തിരിച്ചു വന്നപ്പോൾ ഞാൻ ചോദിച്ചു: ഞാൻ പകൽ മുഴുവൻ ഇവിടെ വെയിലത്ത് ഇരിക്കുകയാണ്, ഞാൻ നീണ്ട യാത്ര ചെയ്തു വരികയാണെന്ന് നിങ്ങൾക്ക് അറിയാമായിരുന്നല്ലോ? അദ്ദേഹം പറഞ്ഞു: ആ ജോലിയും അത്യാവശ്യമുള്ളതായിരുന്നു. ഇങ്ങനെയാണ് ത്യാഗം ചെയ്യേണ്ടതെന്ന് എനിക്ക് മനസ്സിലാക്കിത്തരികയുണ്ടായി.

അദ്ദേഹം ഐവറികോസ്റ്റിൽ പോയപ്പോൾ അവിടെയും ദീനിപ്രവർത്തനങ്ങളോടൊപ്പം ഖിദ്മത്ത് ഖൽഖ് പ്രവർത്തനങ്ങളിലും വ്യാപൃതനായിരുന്നു. എപ്പോഴും തന്റെ ഭാര്യാമക്കളേക്കാളും ദീനിന് മുൻഗണന നൽകിയിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: ഒരിക്കൽ ഞാൻ രോഗിയായി. മകളുടെ ജനന സമയമായിരുന്നു. പക്ഷേ, അദ്ദേഹം മെഡിക്കൽ ക്യാമ്പ് നടത്താൻ പോയി. ഡോക്ടർ എന്റെ അവസ്ഥ ആശങ്കാജന കമാണെന്ന് പറഞ്ഞു. എങ്കിലും അദ്ദേഹം എന്നെ അവിടെയാക്കി പോകുകയാണുണ്ടായത്. എന്നോട് ഇത്രയും പറഞ്ഞു: അല്ലാഹു അനു ഗ്രഹിക്കുന്നതാണ്. നീ ജീവിതം വഖ്ഫ് ചെയ്ത ഒരാളുടെ ഭാര്യയാകുന്നു. ഒന്നും സംഭവിക്കില്ല.

ചുരുക്കത്തിൽ അദ്ദേഹം എല്ലാ കാര്യത്തിലും ദീനിനാണ് മുൻഗണന നൽകിയത്. അതിഥി സൽക്കാരവും സൃഷ്ടി സേവനവും ചെയ്യുന്ന ആളായിരുന്നു. സ്വന്തക്കാരേയും അന്യരേയും സ്നേഹിച്ചിരുന്നു. മക്കളോട് സുഹൃത്ത് ബന്ധ മായിരുന്നു. എന്ത് കാര്യമാണെങ്കിലും വീട്ടുകാ ര്യമോ കുടുംബകാര്യമോ ജമാഅത്തീകാര്യമോ അനഹ്മദികളുടെ കാര്യമോ എന്താണെങ്കിലും നല്ല നിലയിൽ മനസിലാക്കി കൊടുത്തിരുന്നു. മക്കളോട്, നിങ്ങൾ വഖ്ഫ് ചെയ്ത ആളുടെ മക്കളാണ്, മുബല്ലിഗിന്റെ മക്കളാണ് അതുകൊണ്ട് എപ്പോഴും ദീനിന് മുൻഗണന നൽകണമെന്നും തങ്ങളുടെ നല്ല മാതൃക കാഴ്ച വെക്കണമെന്നും ഉപദേശിച്ചിരുന്നു.

ഐവറികോസ്റ്റ് മുബല്ലിഗ്, വാസിഫ് അഹ്മദ് സാഹിബ് പറയുന്നു: ഫഖ്ർ സാഹിബ് ഐവറി കോസ്റ്റിൽ മുബല്ലിഗായി നിയോഗിക്കപ്പെട്ടിരുന്നു. വളരെ നല്ല നിലയിൽ ഇടപഴകുന്ന ആളും സു സ്മേരവദനനും നല്ല ശിക്ഷണമുള്ള ആളു മായിരുന്നു. ആരേയും വശീകരിക്കുന്ന സംസാ രശൈലി അദ്ദേഹത്തിന് ഉണ്ടായിരുന്നു. ആരു മായി കൂടിക്കാഴ്ച നടത്തിയാലും അയാൾ അദ്ദേ ഹത്തിൽ ആകൃഷ്ടനാകുമായിരുന്നു. 5 വർഷം, 'ഓമേ' റീജ്യണിൽ മുബല്ലിഗായി സേവനം ചെയ് തു. സൽസ്വഭാവവും സഹാനുഭൂതിയും കാരണം വലിയവരും ചെറിയവരും അദ്ദേഹവുമായി ബ ന്ധപ്പെട്ടിരുന്നു. എപ്പോഴും ദൈവസ്മരണയുള്ള ആളായിരുന്നു.

ജൽസാ സാലാനയിൽ പങ്കെടുക്കാൻ സാധു ക്കൾക്ക് ആരുമറിയാതെ യാത്രക്കൂലി കൊടു ത്തിരുന്നു. പറയുന്നു: അദ്ദേഹം ഇവിടെ ഉണ്ടാ യിരുന്ന കാലത്ത് അദ്ദേഹത്തിന്റെ റീജ്യൺ (ജൽസയിലെ) ഹാജർ നിലയിൽ ഒന്നാം സ്ഥാ നത്തായിരുന്നു.

അവിടെയുള്ള പ്രാദേശിക മുഅല്ലിം സമാവർ ഹാറൂൻ സാഹിബ് എഴുതുന്നു: 'രണ്ടര വർഷം ഞാൻ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. സഹോദരനെപോലെ എന്റെ കാര്യങ്ങൾ ശ്രദ്ധി ച്ചിരുന്നു. പ്രത്യേകമായി പറയേണ്ട കാര്യം, വളരെ അധ്വാനിയും ആവേശഭരിതനായ മുബ ല്ലിഗുമായിരുന്നു. വളരെ ഉത്തരവാദിത്വത്തോടെ, ശ്രദ്ധാപൂർവ്വം കാര്യങ്ങൾ കൈകാര്യം ചെയ് തിരുന്നു. എത്രയും വേഗം കാര്യങ്ങൾ പൂർ ത്തിയാക്കാനുള്ള ഒരു ത്വര ഉണ്ടായിരുന്നു; അത് തബ്ലീഗിലാണെങ്കിലും ചന്ദ പിരിവിലാണെ ങ്കിലും ജൽസാ സാലാനയുടെ തയ്യാറെടുപ്പിലാ ണെങ്കിലും ശരി. ഓരോ ഗ്രാമത്തിലും എത്ര യും വേഗം ജമാഅത്തിന്റെ സന്ദേശം എത്തി ക്കണമെന്നായിരുന്നു തബ്ലീഗ് സംബന്ധിച്ച ആഗ്രഹം. അല്ലാഹു പരേതന്റെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയുടേ യും മക്കളുടേയും സഹായിയും സംരക്ഷകനു മാകുമാറാകട്ടെ.

അടുത്ത ജനാസ മുറബ്ബി സാഹിബിന്റെ മകൻ ഇഹ്തിശാം അഹ്മദ് അബ്ദുല്ലായുടേതാകുന്നു. ഞാൻ പറഞ്ഞതുപോലെ പിതാവിനോടൊപ്പം റോഡ് അവകടത്തിലാണ് വഫാത്തായത്. അല്ലാ ഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ നൗന്റെ അനുഗൃഹീത പദ്ധതിയിൽ അംഗമായിരുന്നു. ഒന്നാം വർഷ വിദ്യാർഥിയായിരുന്നു. മൂസിയാ യിരുന്നില്ല. പക്ഷേ വസിയ്യത്ത് ഫോറം പൂ രിപ്പിച്ചു കൊടുത്തിട്ടുണ്ട്. ഏതായാലും ഫോ റം പൂരിപ്പിച്ചിട്ടുണ്ടെങ്കിൽ കാർപർദാസ് ഓഫീ സിന് ഇതു സംബന്ധിച്ച് മേൽകാര്യങ്ങൾ ചെയ്യാവുന്നതാണ്. അദ്ദേഹത്തിന്റെ മാതാവ് പ റയുന്നു: 'എന്റെ മകൻ നിരവധി നന്മകളുടെ ഉടമയായിരുന്നു. നന്മയും അനുസരണവും ഉ ണ്ടായിരുന്നു. വഖ്ഫെ നൗഇൽ അംഗമായിരുന്നു. നമസ്കാരങ്ങളിൽ ശുഷ്കാന്തി ഉണ്ടായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യാ സയീംസാഹിബിന്റെ എല്ലാ കല്പനകളും അനുസരിച്ചിരുന്നു. നല്ല നി ലയിൽ ഡ്യൂട്ടി ചെയ്യുമായിരുന്നു. വഫാത്തായ ദിവസവും മസ്ജിദിൽ ഡ്യൂട്ടി കൊടുത്തിരുന്നു. അല്ലാഹു പരേതന് മഅ്ഫിറത്തും കാരുണ്യ വും നൽകി അനുഗ്രഹിക്കുമാറാകട്ടെ, പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ റബ്വയിലെ മിയാൻ അബ് ദുല്ലതീഫ് സാഹിബിന്റെ മകൻ ഡോകടർ അബ് ദുൽ കരീം സാഹിബിന്റേതാണ്. അദ്ദേഹം സ്റ്റേറ്റ് ബാങ്ക് പാകിസ്താന്റെ റിട്ടയർട്ട് എക്കണോമിക് അഡ്വൈസർ ആയിരുന്നു. സെപ്റ്റംബർ 14 ന് 92-ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി മൗലവി മുഹമ്മദ് അലി സാഹിബി ന്റെ പൗത്രനാണ്. ഖാദിയാൻ തഅ്ലീമുൽ ഇസ് ലാം കോളേജിലെ പ്രഥമ ബാച്ചിൽപ്പെട്ടയാളാ ണ്. കോളേജ് ലാഹോറിലേക്ക് മാറ്റിയപ്പോൾ, അതായത് വിഭജനത്തിനുശേഷം, തഅ്ലീമുൽ ഇസ്ലാം വിദ്യാർഥി എന്ന നിലയിൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ ബിരുദം എ ടുത്തു. ഇദ്ദേഹം ആ സമയത്ത് യൂണിവേഴ്സിറ്റി യിൽ, തഅ്ലീമുൽ ഇസ്ലാം കോളേജിൽ നി ന്നുള്ള ഏക വിദ്യാർഥി ആയിരുന്നു. പിന്നീട് സ്റ്റേറ്റ് ബാങ്ക് ഓഫ് പാക്കിസ്താന്റെ സ്കോളർഷിപ്പിൽ ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി ചെയ്യാൻ അമേരിക്കയിൽ പോ യി. അവിടെയും മസ്ജിദ് ഫള്ലിലായിരുന്നു താമസം. അവിടെ ഒഴിവ് സമയങ്ങളിൽ തബ്ലീ ഗിൽ വ്യാപൃതനായിരുന്നു.

ഡോക്ടർ സാഹിബിന് പാകിസ്താനോട് നല്ല സ്നേഹമായിരുന്നു. അദ്ദേഹത്തിന് തന്റെ കരിയറിൽ ആഗോള ബാങ്ക് പോലുള്ള സ്ഥാ പനങ്ങളിൽ സ്ഥായിയായി പ്രവർത്തിക്കാൻ അവ സരം ലഭിച്ചിട്ടും എപ്പോഴും പാക്കിസ്താനിൽ താമസിച്ചു പ്രവർത്തിക്കാനാണ് തീരുമാനിച്ചത്. നീണ്ടകാലം സ്റ്റേറ്റ് ബാങ്ക് ഓഫ് പാക്കിസ്താനി ൽ പ്രവർത്തിച്ചിട്ടുണ്ട്. ഉപദേശകൻ, അഡ്വൈ സർ എന്ന നിലയിലാണ് റിട്ടയേർഡായത്. അദ്ദേഹം IMF, ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് നിര വധി രാജ്യ, രാജ്യാന്തര അസൈമെന്റുകൾ വിജ യകരമായി പൂർത്തിയാക്കി. ധനകാര്യ വകു പ്പിലും കുറച്ചുകാലം പ്രവർത്തിച്ചിട്ടുണ്ട്. ഒരു സംയുക്ത ബജറ്റും ഇദ്ദേഹത്തിന്റെ മേൽനോ ട്ടത്തിൽ തയ്യാറാക്കിയിരുന്നു. IMFന്റെ ഭാഗത്തു നിന്ന് സുഡാൻ സർക്കാറിന്റെ സാമ്പത്തിക പ്ര ശ്നങ്ങൾ പരിഹരിക്കാൻ അദ്ദേഹത്തെ രണ്ടു വർഷത്തേക്ക് സുഡാന്റെ തലസ്ഥാനമായ ഖർ ത്തുമിലേക്ക് അയച്ചിരുന്നു. സ്റ്റേറ്റ് ബാങ്കിൽ നിന്ന് വിരമിച്ചശേഷം ജമാഅത്തീ സേവനങ്ങ ൾക്കുവേണ്ടി, റബ്വയിൽ താമസിക്കാനാണ് മുൻഗണന നൽകിയത്. സാമ്പത്തികവും മതവു മായി ബന്ധപ്പെട്ട കാര്യങ്ങളിൽ അദ്ദേഹത്തോട് കൂടിയാലോചന നടത്തിയിരുന്നു. ഇതിനുള്ള കമ്മറ്റിയിൽ ഞാനും അദ്ദേഹത്തോട് അഭിപ്രാ യം ആരാഞ്ഞിട്ടുണ്ടായിരുന്നു. നല്ല അഭിപ്രായം പറയുന്നയാളുമായിരുന്നു. നല്ല പ്രബന്ധങ്ങൾ എഴുതിയിട്ടുണ്ട്. വളരെ ആഴത്തിൽ അദ്ദേഹം ഗവേഷണം നടത്തിയിരുന്നു. അതോടൊപ്പം പ്ര വർത്തിപഥത്തിലുള്ള പരിഹാരമാർഗവും നിർ ദ്ദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ ചില ഗ്രന്ഥങ്ങ ളുമുണ്ട്; ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ, ഇസ്ലാം ജീവിത തത്ത്വവും സാമ്പത്തിക നി യമങ്ങളും എന്നിവ ഇംഗ്ലീഷ് പുസ്തകങ്ങളാണ്. പലിശ നിരോധനം, ഉപജീവനമാർഗങ്ങൾ എ ന്നിവ ഉർദുവിലാണ്.

1989 ൽ റിട്ടയർമെന്റിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ആഹ്വാന പ്രകാരം വഖ്ഫ് ചെയ്തു. താശ്കന്റ് യൂണിവേ ഴ്സിറ്റിയിൽ സാമ്പത്തിക വിഷയത്തിൽ പ ഠിപ്പിക്കുന്നതിനുവേണ്ടി ഉസ്ബക്കിസ്താനിലേ ക്ക് പോയി. അവിടെ ആറുമാസം സേവനം ചെ യ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി അ് ജീവിതവും പലിശയുടെ പ്രശ്നങ്ങളും എന്ന വിഷയത്തിൽ അവലോകനം നടത്താൻ വേണ്ടി കമ്മിറ്റി ഉണ്ടാക്കിയിരുന്നു. അതിൽ ഞാനും കുറച്ചുകാലം ഇദ്ദേഹത്തോടൊപ്പം പ്ര വർത്തിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞു വന്നതുപോലെ വളരെ ആഴത്തിൽ, ശക്തമായ തെളിവുകളുമാ യാണ് അദ്ദേഹം സംസാരിച്ചിരുന്നത്.

ചില ലേഖനങ്ങൾ എനിക്കും അയച്ചു തന്നിട്ടുണ്ട്. പലിശ സംവിധാനത്തെപറ്റി വളരെ നല്ല പ്രബന്ധങ്ങളാണ്. ഇതിൽ ഇൻശാ അല്ലാഹ് കൂടുതൽ ആലോചനകൾ വേണ്ടിയിരിക്കുന്നു. ഇനി, പലിശ സംവിധാനത്തിനെതിരെ സമർപ്പി ക്കാനുള്ള പദ്ധതിയിൽ ഇദ്ദേഹത്തിന്റെ അഭിപ്രാ യങ്ങളെയും പരിഗണിക്കുന്നതാണ്.

അല്ലാഹു പരേതന്റെ സ്ഥാനങ്ങൾ ഉയർത്തു മാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹ ത്തിന്റെ നന്മകൾ അനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.(വിവർത്തനം: എച്ച് ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ്സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'സൂര്യന് ഗ്രഹണം ബാധിച്ചപ്പോൾ നബി(സ)തിരുമേനി നാലു സുജൂദുകളിലായി എട്ടു റുക്കൂഉകൾ ചെയ്തുകൊണ്ട്(രണ്ടു റക്അത്ത്)നമസ്കരിച്ചു.'(മുസ്ലിം, ഹദീഥ് 446)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ഇബ്നു അബ്ബാസിൽ(റ)നിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു:'ഞാൻ കിഴക്കൻ കാറ്റിനാൽ സഹായിക്കപ്പെട്ടു. ആദ് സമൂഹം പടിഞ്ഞാറൻകാറ്റിനാൽ നശിപ്പിക്കപ്പെടുകയും ചെയ്തു.'(മുസ്ലിം, ഹദീഥ് 450)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family,Ahmadiyya Jama-ath Payangadi, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

## (2019 ജൂലായ് 6 ശനിയാഴ്ച)

**അതിഥികളായ അനഹ്ദി അറബികളുടെ കൂടിക്കാഴ്ച:**

ഇന്ന് വൈകുന്നേരം വിവിധ രാജ്യങ്ങളിൽനിന്നു വന്ന അതിഥികളുടെ ഹുദൂറുമായുള്ള കൂടിക്കാഴ്ചാ പരിപാടിയായിരുന്നു. 8.00 മണിക്ക് ഹുദൂർ കൂടിക്കാഴ്ചാ ഹാളിലെത്തി. ആദ്യത്തെ കൂടിക്കാഴ്ച അറബ് സംഘത്തിന്റേതായിരുന്നു. രാഷ്ട്രീയക്കാർ, അറബ് ആലിമീങ്ങൾ, പത്രപ്രവർത്തകർ, വിവിധ ഭരണകൂടങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ ഈ സംഘത്തിലുണ്ടായിരുന്നു.

11 പേരടങ്ങുന്ന ഈ സംഘത്തെ നയിച്ചിരുന്നത് മുഹമ്മദുൽ ഹുബ്ശ് സാഹിബായിരുന്നു. ഒരു ഇസ്‌ലാം മത പണ്ഡിതനായ ഇദ്ദേഹം സിറിയയിലെ പാർലമെന്റ് അംഗവുമായിരുന്നു. സിറിയയിലെ പ്രസിദ്ധ ഇമാമുകളിൽ ഒരാളാണ്. ഇപ്പോൾ അബൂദാബി യൂണിവേഴ്സിറ്റിയിൽ പ്രൊഫസറാണ്. ഈജിപ്ത്, സൗത്ത് ആഫ്രിക്ക, സ്വിറ്റ്സർലൊൻഡ്, അബൂദാബി, മാൾട്ട എന്നീ സ്ഥലങ്ങളിലെ സ്ഥാപനങ്ങളിലും കമ്മിറ്റികളിലും ഉപദേശകനും അംഗവുമാണ്. ഹുബ്ശ് സാഹിബിന്റെ ഭാര്യ ആസിഫ കഫ്താർ സാഹിബയും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. സിറിയയിലെ പ്രസിദ്ധ മുഫ്തി അഹിയാഡ് കഫ്റ്റാറൗവി (Ahiyad Kaftarou)ന്റെ മകളാണ്. ഇവരെ കൂടാതെ മുഹമ്മദ് സലാമാ ഹലായിഖ(Halaiqah)യും ഈ സംഘത്തിൽ ഉണ്ടായിരുന്നു. അദ്ദേഹം ജോർദാനിലെ മിനിസ്റ്റർ ഓഫ് സ്റ്റേറ്റ്, മിനിസ്റ്റർ ഓഫ് ഇൻഡിസ്ട്രി ആന്റ് ട്രേഡ്, മിനിസ്റ്റർ ഓഫ് നാഷണൽ ഇക്കോണമി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഇപ്രകാരംതന്നെ ഡെപ്യൂട്ടി പ്രൈം മിനിസ്റ്റർ ഫോർ ഇകണോമിക് അഫയേഴ്സ് എന്ന സ്ഥാനവും വഹിച്ചിട്ടുണ്ട്. ഇപ്പോൾ സർക്കാർ തലത്തിൽ വിവിധ സ്ഥാപനങ്ങളുടെ ചെയർമാനും അംഗവുമാണ്.

ഒരു അതിഥി മർവാൻ ഫൗറി സാഹിബായിരുന്നു. ജോർദാനിലെ പ്രൈംമിനിസ്റ്ററിന്റെ അഡ്വൈസറാണ്. അതേപോലെ ഒമാനിലെ മേയറിന്റേയും അഡ്വൈസറാണ്.

ഈ സംഘത്തിലെ ഒരംഗം ആസ്ത്രിയായിൽനിന്നുള്ള മുഹമ്മദ് Alromoh സാഹിബായിരുന്നു. ഇദ്ദേഹം ഇസ്‌ലാമിക് സ്കോളറാണ്. ഡയറക്ട്രാൻ മിഡിൽ ഈസ്റ്റ് സ്റ്റഡീസാണ്.

ഒരു സ്നേഹിതൻ മുഹമ്മദ് നഫീശ സാഹിബും സംഘത്തിലുണ്ടായിരുന്നു. ഇദ്ദേഹം ഇസ്‌ലാമിക് സ്കോളറാണ്.

വലീദ് ഫാലിയോൺ(Falion)സാഹിബ് ജർമനിയിൽ താമസക്കാരാനാണ്. ഇദ്ദേഹം സിറിയയുടെ പ്രസിഡന്റിന്റെ ഉപദേശകനായിരുന്നു.

സുലയ്മാൻ അൽഹമൂദ് സാഹിബ് ആസ്ട്രിയായിൽനിന്നു വന്നതാണ്. ആ സംഘത്തിൽ അംഗമായിരുന്നു. ഇദ്ദേഹവും ഇസ്‌ലാമിക് സ്കോളറാണ്. മുഹമ്മദ് സാഹിദ് ഗുൽ തുർക്കിയിൽനിന്നാണ് വന്നത്. ഇദ്ദേഹം ജേർണലിസ്റ്റാണ്. ഒരു തുർക്കി പത്രത്തിന്റെ എഡിറ്ററാണ്. വിവിധ അറബിക് ചാനലുകളിൽ അറബിക് സ്പോക്സ്പേഴ്സനുമാണ്.

മറ്റൊരു അതിഥി ഡോക്ടർ ഹിശാം സാഹിബാണ്. ഇദ്ദേഹം യൂ.എൻ. ഓ ജനീവയിൽ (സ്വിറ്റ്സർലാൻഡ്) ഹ്യൂമൻറൈറ്റ്സ് കമ്മിറ്റിയുടെ പ്രസിഡന്റാണ്.

ജർമനിയിൽനിന്നുള്ള ഒരു അറബ് ഡോക്ടറും ഈ സംഘത്തിലുണ്ടായിരുന്നു. അദ്ദേഹം ശിശുരോഗ വിദഗ്ദനാണ്.

ഈ ഗ്രൂപ്പിലെ അംഗങ്ങൾ ഓരോരുത്തരായി തങ്ങളെ ഹുദൂറിന് പരിചയപ്പെടുത്തി. അഹ്മദിയ്യാ ജമാഅത്തിനെ കണ്ടതിനും അവരുടെ ജൽസാസാലാനയിൽ പങ്കെടുത്തതിനും ശേഷം തങ്ങൾക്ക് വളരെ സന്തോഷമുണ്ടെന്ന് ഹുസൂറിനോടു പറയുകയും അത് പ്രകടിപ്പിക്കുകയും ചെയ്തു. വളരെയധികം കാര്യങ്ങൾ സ്വന്തം കണ്ണുകൾകൊണ്ട് കാണാനും വളരെയധികം തെറ്റുധാരണകൾ നീക്കാനുള്ള അവസരവും ലഭിക്കുകയും ചെയ്തു. കൂടാതെ ജമാഅത്തിനെ കുറിച്ചുള്ള വിവിധ വിഷയങ്ങളിൽ അറിവ് വർധിപ്പിക്കാനും സാധിച്ചുവെന്നും അവർ പറഞ്ഞു. വിവിധ വിഷയങ്ങളിൽ സംഘാംഗങ്ങളുമായി സംസാരിച്ചു.

സംഘത്തിലെ വിവിധ അംഗങ്ങൾ ഹുദൂർ അൻവറിന്റെ അമുസ്‌ലീങ്ങളോടുചെയ്ത പ്രഭാഷണത്തെ വളരെ ശ്ലാഘിച്ചു. അതിൽനിന്നു അവരുടെ ധാരാളം ചോദ്യങ്ങൾക്ക് മറുപടി കിട്ടി എന്നും വ്യക്തമാക്കി. ചില ഇസ്‌ലാമിക സ്ഥാപനങ്ങൾ അഹ്മദിയ്യാ ജമാഅത്തിനെ അകറ്റി നിറുത്തുന്നു എന്നും തൽഫലമായി കുഫ്ർ ഫത്വ പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നുവെന്നും സംഘാംഗങ്ങൾ ഹുദൂറിനെ അറിയിച്ചു. ഇതു സംബന്ധമായി അവർ ഹുദൂറിന്റെ മുമ്പിൽ ഒരു അഭിപ്രായവും സമർപ്പിച്ചു. സ്വന്തം ശരീഅത്തിന്റെ അടിസ്ഥാനത്തിലും സ്വഭാവപരമായ കടമ എന്ന നിലയിലും അഹ്മദിയ്യാ ജമാഅത്തിന്റെ വ്യക്തികളെ ഇതര ഇസ്‌ലാമിക സമൂഹത്തിലെ വ്യക്തികളുമായി പരിചയപ്പെടുത്തുകയും തന്മൂലം കുഫ്ർ ഫത്‌വാ നടപ്പാക്കുന്ന രീതി അവസാനിപ്പിക്കുകയും പ്രത്യക്ഷ ആദരവും സ്നേഹവും ഉൾക്കൊള്ളുന്ന നവീന കാലത്തിന് തുടക്കം കുറിക്കുകയും ചെയ്യണമെന്നതായിരുന്നു ആ നിർദ്ദേശം. ഇതിനുവേണ്ടി അഹ്‌ലുസുന്നത്തിലെ കുറിച്ച് പണ്ഡിതന്മാരും അഹ്മദിയ്യാ ജമാഅത്തിലെ പണ്ഡിതന്മാർക്കുമിടയിൽ ചർച്ച നടത്തുക. അതിന്നു ശേഷം ഇരു വിഭാഗക്കാർക്കും സ്വീകാര്യമായ സംയുക്ത പ്രസ്താവനയിലേക്ക് എത്തിപ്പെടേണ്ടതാണ്. അടിസ്ഥാനപരമായ സംയുക്ത വിശ്വാസങ്ങളിൽ ഐക്യം ഉണ്ടാക്കുക. ഈ കോൺഫ്രൻസ് ഒമാനിലോ കൈറോയിലോ ഇസ്തംബൂളിലോ നടത്തപ്പെടണമെന്നൊരു നിർദ്ദേശവും അവർ സമർപിക്കുകയുണ്ടായി.

അപ്പോൾ ഹുദൂർ ചോദിച്ചു: നിങ്ങൾ ശീഅ സഹോദരന്മാരെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇല്ല എന്ന് സംഘത്തലവൻ പറഞ്ഞു. അവരേയും ഉൾപ്പെടുത്തുക എന്ന് ഹുദൂർ പറഞ്ഞു. എന്നല്ല ഇതര വിഭാഗങ്ങളിൽനിന്നുള്ളവരേയും ഉൾപ്പെടുത്തേണ്ടതാണ്. എല്ലാവരുടേയും പ്രാതിനിധ്യം ഉണ്ടാവേണ്ടതാണ്.

ഹുദൂർ പറഞ്ഞു: രണ്ടാമതായി നിങ്ങൾ പറഞ്ഞ പണ്ഡിതന്മാരുമായുള്ള ചർച്ച കൊണ്ടുദ്ദേശിക്കുന്നത് വാദപ്രതിവാദമാണെങ്കിൽ വിജയം ബുദ്ധിമുട്ടാണ്. ഓരോ വിഭാഗത്തിനും അവരവരുടെ വിചാരങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരം നല്കുക. മറ്റുള്ളവരെ വിമർശിക്കുകയോ അല്ലെങ്കിൽ വാദപ്രതിവാദം നടത്തുകയോ ഉദ്ദേശ്യമാകരുത്. വാദപ്രതിവാദം ഉണ്ടായാൽ അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുകയില്ല. അഹ്മദിയ്യത്ത് എന്താണെന്ന് അറിയാനാണെങ്കിൽ അത് നല്ലതാണ്.

അപ്പോൾ സംഘാംഗങ്ങൾ പറഞ്ഞു: എല്ലാവരും അവരവരുടെ വീക്ഷണം വെളിപ്പെടുത്തട്ടെ എന്നത് തന്നെയാണ് ഞങ്ങളുടെ ഉദ്ദേശ്യം.

ഹുദൂർ: ഏതൊരു വ്യക്തി കലിമ ത്വയ്യിബ ചൊല്ലുന്നുവോ അഥവാ സ്വയം മുസ്‌ലിം എന്നു പറയുന്നുവോ അദ്ദേഹത്തെ കാഫിർ എന്ന് പ്രഖ്യാപിക്കാൻ മറ്റാർക്കും അധികാരമില്ലെന്ന വൃത്തത്തിനുള്ളിലാണ് നമ്മുടെ ശ്രമങ്ങൾ നിലനിറുത്തേണ്ടത്.

ഉന്നതനായ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത് *തആലൗ ഇലാ കലിമത്തിൻ സവാഇൻ ബയ്നനാ വ ബയ്നക്കും*. ഇത് ഇതര മതങ്ങൾക്ക് നല്കുന്ന സന്ദേശമാണ്. വരിക, നമ്മുടെ ദൈവം ഒന്നാണെന്ന കാര്യത്തിൽ ഐക്യപ്പെടുക. അപ്പോൾ നമ്മുടെയെല്ലാം ദൈവം ഒന്നായിരിക്കെ, എല്ലവരുടേയും നബി ഒരേയൊരു നബിയായിരിക്കെ ഒരു ഖുർആൻ ആയിരിക്കെ മുസ്‌ലിമീങ്ങൾക്ക് എന്തുകൊണ്ട് ഒന്നാകാൻ കഴിയുകയില്ല. നിങ്ങൾക്കുണ്ടായ ഈ വിചാരത്തിൽ നിങ്ങൾക്കുണ്ടായ ഈ വികാരത്തിൽ ഞാൻ വളരെ സന്തോഷവാനാണ്. എന്നാലിത് ബുദ്ധിമുട്ടുള്ള പ്രവൃത്തിയാണ്. നിങ്ങൾക്ക് പ്രതിപക്ഷത്തെ നേരിടേണ്ടതായി വരും. അറബ് ദേശത്തെ മുസ്‌ലിം വിഭാഗങ്ങളെ ഐക്യപ്പെടുത്തേണ്ടതാണ്. അതിനു പൊളിറ്റിക്കൽ വാല്യൂവ് ഉണ്ടാകേണ്ടതാണ്.

ഹുദൂർ പറഞ്ഞു: മുസ്‌ലിമീങ്ങളിൽ പല വിഭാഗങ്ങളുണ്ട്. എന്നാൽ, എല്ലാവരും മുസ്‌ലിമീങ്ങളായിരുന്നിട്ടും ഒന്നല്ല. എന്നല്ല എല്ലാവരുടേയും കലിമ ഒന്നായിരുന്നിട്ടും നബി ഒന്നായിരുന്നിട്ടും ഖുർആൻ ഒന്നായിരുന്നിട്ടും എന്തുകൊണ്ട് ഐക്യപ്പെടുന്നില്ല.

ഹുദൂർ പറയുന്നു: തങ്ങളുടെ ഖുർആൻ വേറെയാണെന്നാണ് ചിലർ പറയുന്നത്, എന്നാൽ, അങ്ങനെയല്ല. ഒരേയൊരു ഖുർആനേയുള്ളു.

വിശുദ്ധ ഖുർആൻ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിച്ച ഏക സമൂഹം നാമാണ്. ഇതെല്ലാം പരസ്യമാണ്. നമ്മുടെ വിശ്വാസം എല്ലാവർക്കും അറിയാം. നമ്മുടെ എല്ലാ കാര്യവും പരസ്യമാണ്. വിശുദ്ധ ഖുർആനിലെ ചില ആയത്തുകളുടെ വ്യാഖ്യാനങ്ങളിൽ വ്യത്യാസമുണ്ട്. അത് നമ്മുടേതും നിങ്ങളുടേതും വേറെയാണ്. പാക്കിസ്താനിൽ നമ്മെ അമുസ്‌ലീംകളെന്ന് പ്രഖ്യാപിച്ചവർ എഴുതിയത് ഇങ്ങനെയാണ്: For the purpose of law and constitution you are not muslim 'നിയമത്തിന്റേയും ഭരണഘടനയുടേയും ലക്ഷ്യങ്ങൾ പരിഹരിക്കുന്നതിന് നിങ്ങളെ not Muslim എന്നു പറയുന്നു. നിങ്ങൾ മുസ്‌ലീങ്ങളല്ല. വിശുദ്ധ ഖുർആനിന്റേയും ഹദീഥിന്റേയും അടിസ്ഥാനത്തിലല്ല പറയുന്നത്. മറിച്ച് നിയമവും ഭരണഘടനയും കാരണത്താൽ അമുസ്‌ലിമായി മനസ്സിലാക്കുന്നുവെന്ന് ചുരുക്കം.

സംഘാംഗങ്ങൾ ഹുദൂറിനോട് പറഞ്ഞു: ഹുദൂറിന്റെ ഭാഗത്തു നിന്നുള്ള ഏതെങ്കിലും പ്രതിനിധിയെ നിശ്ചയിച്ചു തന്നാലും. അദ്ദേഹവുമായി ഇരുന്ന് ഞങ്ങൾക്ക് അടുത്ത ഘട്ടത്തിനുവേണ്ടി ചർച്ച ചെയ്യാൻ കഴിയും.

ഹുദൂർ: ഒരൊറ്റ സമുദായമാകുന്നില്ലെങ്കിൽ നിങ്ങളെന്തു ചെയ്താലും അത് ഫലശൂന്യമായിരിക്കും.

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അനസ്(റ)നിവേദനം: ഞങ്ങൾ നബി(സ)തിരുമേനിയുടെ കൂടെയായിരിക്കെ മഴ പെയ്തു. അദ്ദേഹം പറയുന്നു:അപ്പോൾ നബി(സ)തിരുമേനി തന്റെ വസ്ത്രം അല്പം നീക്കി മഴകൊണ്ടു. ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ എന്തിനാണ് ഇങ്ങനെ ചെയ്തത്?' അവിടന്ന് പറഞ്ഞു: 'അത് എന്റെ രക്ഷിതാവിൽനിന്ന് പുതുതായെത്തിയതായതിനാൽ.' (മുസ്‌ലിം, ഹദീഥ് 448)**

**ത്വാലിബെ ദുആ**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

ഇനി നിങ്ങളുടെ നിർദേശം എന്തൊന്നാണോ നിങ്ങളുടെ പ്രോഗ്രാമുകൾ എന്തൊക്കെയാണോ അത് എഴുതി അയക്കുക. ശേഷം എന്തു ചെയ്യണമെന്നും എന്ത് strategyയാണ് വേണ്ടതെന്നും ഞാൻ പറയുന്നതായിരിക്കും.

ഒരു സംഘാംഗം: ഹുദൂറിന്റെ പ്രഭാഷണത്തിൽ അൽഖുദ്സിനെ കുറിച്ച് പരാമർശിച്ച് പറയുകയുണ്ടായില്ല. അവിടെ ഫലസ്തീനികളുടെ സ്വത്വം തന്നെ നശിപ്പിക്കുകയാണ്.

ഹുദൂർ: ഫലസ്തിനികളുടെ അവകാശങ്ങൾക്കു വേണ്ടി ഏറ്റവുമാദ്യം ശബ്ദമുയർത്തിയവർ ഞങ്ങളാണ്. ചൗദരി സഫറുല്ലാഹ് സാഹിബ്(റ) ഫലസ്തീനികളുടെ പ്രശ്നത്തെ പ്രതിരോധിച്ചിരുന്നു. യഥാർഥത്തിൽ മുസ്‌ലിമീങ്ങൾ സ്വയം ഐക്യത്തിലല്ല. ഇതര ഭരണകൂടങ്ങളിൽ നിന്ന് സഹായം വാങ്ങി മുസ്‌ലിം ഭരണകൂടങ്ങൾക്കെതിരെ പ്രയോഗിക്കുകയാണ്. ഈ വൻശക്തികളിൽനിന്ന് സഹായം തേടുമ്പോൾ അവരുടെ കാര്യങ്ങളോടെല്ലാം യോജിക്കും. മുസ്‌ലിമീങ്ങൾക്ക് ഒരു സംഘടിത ശക്തിയില്ല.

ഞങ്ങൾക്ക് ആഫ്രിക്കയിൽ നിങ്ങളെ സഹായിക്കാൻ സാധിക്കും. നിങ്ങളോടൊപ്പംനിന്ന് പ്രവർത്തിക്കാൻ സാധിക്കും. ആഫ്രിക്കയിൽ ഞങ്ങൾ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാറുണ്ട്. വിദ്യാഭ്യാസ രംഗത്തും സോളാർ എനർജിയിലും ശുദ്ധജലം എത്തിക്കുന്നതിലും സഹായിക്കാൻ കഴിയും. ചില ഗ്രാമങ്ങളെ തിരഞ്ഞെടുത്ത് അതിനെ ഡെവലപ്പ് ചെയ്തു വരുന്നു. ഇതുകൂടാതെ വേറെയും ധാരാളം പ്രൊജക്ടുകളും പ്രവൃത്തികളും നടന്നു വരുന്നു.

ഞങ്ങൾ എന്നും തുറന്ന മനസ്ഥിതിക്കാരാണ്. നിങ്ങൾ തുറന്ന നിലയിൽ ഉള്ളവരാണെങ്കിൽ ഞങ്ങൾ നിങ്ങളേയും സ്വാഗതം ചെയ്യുന്നു.

ഈ സംഘത്തിലുണ്ടായിരുന്ന ഒരു വനിത ഹുദൂറിനോട് പറഞ്ഞു: സ്ത്രീകളോടുള്ള ഹുദൂറിന്റെ പ്രഭാഷണം സുശക്തമായിരുന്നു. സ്ത്രീകളും പുരുഷന്മാരും തോളോടു തോൾ ചേർന്ന് വിദ്യാഭ്യാസം തേടണമെന്നും സംസ്കാരം കൈവരിക്കണമെന്നും അതിൽ ഹുദൂർ ഊന്നിപ്പറഞ്ഞിരുന്നു. അടുത്ത വർഷം ഈ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് പുരുഷന്മാരെ അഭിമുഖീകരിച്ച് സംസാരിക്കാനുള്ള അനുവാദം നല്കപ്പെടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ഹുദൂർ: സ്ത്രീകളുടെ പ്രഭാഷണം സ്ത്രീകളോടായിരിക്കും. വിശുദ്ധ ഖുർആനും ഹദീഥും അനുസരിച്ച് സ്ത്രീകളുടെ എല്ലാ അവകാശങ്ങളെക്കുറിച്ചും നാം ഓർമിപ്പിക്കാറുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. ഹദ്റത്ത് ആഇശാ(റ) സ്വഹാബത്തിനെ ദീനിന്റെ പകുതി പഠിപ്പിച്ചു എന്നതാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അവർ മറയ്ക്ക് പിന്നിലിരുന്നു കൊണ്ടാണ് പഠിപ്പിച്ചിരുന്നത്.

ഈ കൂടിക്കാഴ്ച 8.55 വരെ നീണ്ടു നിന്നു. ഒടുവിൽ സംഘാംഗങ്ങൾക്ക് ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു.

**ജോർജിയായിൽ നിന്ന് വന്ന സംഘത്തിന്റെ കൂടിക്കാഴ്ച:**

അതിനുശേഷം ജോർജിയായിൽനിന്നുവന്ന പാർലമെന്റംഗങ്ങളും ചില ഓഫീസർമാരും ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി. ഈ സംഘത്തിൽ അഞ്ചു പേരാണുണ്ടായിരുന്നത്.

1. Giorgi Gabashvili -ജ്യോർജി ഗബാശ് വിലി (പാർലമെന്റംഗം)
2. Mr.Sergo Ratiani- മിസ്റ്റർ സേർഗൊ റാത്തിയാനി (പാർലമെന്റംഗം)
3 Mr.Beka Mindiashvili -മിസ്റ്റർ ബേക്ക മിൻഡിയാശ്‌വിലി ഹെഡ് ഓഫ് ടോളറൻസ് ആന്റ് ഡൈവേഴ്സിറ്റി സെന്റർ.(Head of tolerence and diversity centre)
4. Mr.George Ugulava-മിസ്റ്റർ ജോർജ് ഉഗുലാവ (ഇദ്ദേഹം യൂറോപ്യൻ ജ്യോർജിയ പാർട്ടിയുടെ സെക്രട്ടറി ജനറലാണ്)
5. Mr.Irakli Kiknavelidze മിസ്റ്റർ ഇറാക്കിലി കിക്നാവെലിഡ്സെ(യൂറോപ്യൻ ജ്യോർജിയ പാർട്ടി പ്രസ് സ്പീക്കർ)

ജ്യോർജിയ രാജ്യത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് സംഭാഷണം നടന്നു.

ഹുദൂർ: നിങ്ങളുടെ രാജ്യം ഒരു സമ്പൂർണ സമാധാന നാടാണ്. എന്നിട്ട് ടൂറിസത്തിന് നിങ്ങൾ പ്രോത്സാഹനം നല്കാത്തതെന്താണ്? ഇതു മുഖേന നിങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുന്നതാണ്.

മുബല്ലിഗ് ജ്യോർജിയ: ഹുദൂർ, അമുസ്‌ലിം അനഹ്മദി അതിഥികളുടെ വേദിയിൽ പ്രഭാഷണം നല്കുമ്പോൾ Mr.Sergo Ratiani എം.പി. എന്നോട് പ്രസംഗം വളരെ നല്ലതാണെന്ന് കൈ കൊണ്ട് ആംഗ്യം കാണിക്കുന്നുണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് 'ടു ദ പോയന്റ്' കാര്യമാണ് പറഞ്ഞത്. ഇത്തരം പ്രസംഗം വളരെ വിരളമായേ കേൾക്കപ്പെടാറുള്ളൂ എന്നും അദ്ദേഹം പറഞ്ഞിരുന്നു.

കൂടിക്കാഴ്ചാ വേളയിൽ ജ്യോർജിയയെ സംബന്ധിച്ചുള്ള ഹുദൂറിന്റെ വാക്കുകൾ അവരെ വിസ്മയിപ്പിച്ചിരുന്നു. തുടർന്ന് അദ്ദേഹം പറഞ്ഞു: നമ്മുടെ ചെറിയ രാജ്യമായ ജ്യോർജിയയെ സംബന്ധിച്ച് ഖലീഫത്തുൽ മസീഹിന് അസാധാരണമായ അറിവാണുള്ളത്.

09.10 വരെ ഈ കൂടിക്കാഴ്ച നീണ്ടു. ഒടുവിൽ സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യമടഞ്ഞു.

**അറബ് അതിഥികളുടെ കൂടിക്കാഴ്ച:**

തുടർന്ന് അറബ് സ്ത്രീകളും-പുരുഷന്മാരും കുട്ടികളും അടങ്ങുന്ന ഏകദേശം 350 പേർ കൂടിയിരുന്ന ഒരു വലിയ ഹാളിലേക്ക് ഹുദൂർ അയ്യദഹുല്ലാഹ് എത്തി. ഇവരിൽ 120 അനഹ്മദി അറബികളും ഉണ്ടായിരുന്നു. ജർമനിയെക്കൂടാതെ ഹോളണ്ട്, ആസ്ട്രിയ, നോർവെ, സ്വീഡൻ, ഫ്രാൻസ്, സ്പെയിൻ, ഇറ്റലി എന്നീ രാജ്യങ്ങളിൽ നിന്നു വന്നവരാണിവർ. വിവിധ സഹോദരന്മാർ ഹുദൂറിനോട് ദുആക്കപേക്ഷിച്ചു. എല്ലാവർക്കും അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാകട്ടെ എന്ന് ഹുദൂർ അൻവർ പറഞ്ഞു.

ഒരു അറബ് വനിത: ജൽസയ്ക്ക് ആശംസകൾ നേരാൻ ഞാനാഗ്രഹിക്കുന്നു. ജനങ്ങൾ കൂട്ടം കൂട്ടമായി ജമാഅത്തിൽ പ്രവേശിക്കട്ടെ എന്നാണ് എന്റെ പ്രാർഥന. എന്റെ മകൾ ഖസീദ കാണാതെ പഠിച്ചിട്ടുണ്ട്. അവൾ ഹുദൂറിനെ കേൾപ്പിക്കാനാഗ്രഹിക്കുന്നു.

ഹുദൂർ: രണ്ടു വരി കേൾപ്പിക്കുക.

ആ പെൺകുട്ടി വളരെ മനോഹരമായ ശബ്ദത്തിൽ അത് ആലപിച്ചപ്പോൾ ഹുദൂർ പറഞ്ഞു: മാശാ അല്ലാഹ്, വളരെ ഹൃദ്യമായ നിലയിൽ ആലപിച്ചു. മറ്റൊരു കുട്ടി ഒരു പെയിന്റിംഗ് ചെയ്തിരുന്നു. അത് ഹുദൂറിന്റെ മുന്നിൽ സമർപ്പിച്ചു. ഹുദൂർ അൻവർ വളരെ സ്നേഹത്തോടെ അലയ്സല്ലാഹ് മോതിരം അവന്റെ മുഖത്ത് വെച്ചു. അവൻ ഹുദൂർ അൻവറിന്റെ അനുഗൃഹീത കൈയിൽ ഉമ്മ വെച്ചു. അവന്റെ മാതാവിന്റെ സന്തോഷം കാണേണ്ടത് തന്നെയായിരുന്നു. അവർ വികാരാധീനയായി വിങ്ങുന്നുണ്ടായിരുന്നു. ഈ പെയിന്റിംഗ് ഒരു വ്യക്തിയുടെ സ്കെച്ച് ഉൾക്കൊള്ളുന്നതായിരുന്നു. മനുഷ്യരുടെ സ്കെച്ച് ഉണ്ടാക്കേണ്ടെന്ന് സ്നേഹ പുരസ്സരം ഹുദൂർ കുട്ടിക്ക് മനസ്സിലാക്കി കൊടുത്തു. ഭാവിയിൽ ഏതെങ്കിലും മൃഗങ്ങളുടെ സ്കെച്ച് വരക്കാനും ഹുദൂർ പറഞ്ഞു:

മറ്റൊരു അറബ് സഹോദരൻ: കഴിഞ്ഞ വർഷം മുതൽ ഞാൻ ഒരു അമാനത്ത് വഹിച്ചു വരികയാണ്. എന്റെ സഹോദരി എന്നോട് ഹുദൂർ അൻവറിന് സലാം എത്തിക്കണമെന്ന് പറഞ്ഞിരുന്നു. അപ്പോൾ ഹുദൂർ മറുപടി നല്കി:

'വ അലയ്ക്കുമുസ്സലാം'

തുടർന്ന് അദ്ദേഹം പറഞ്ഞു: എനിക്ക് ബ്ലഡ് പ്രഷറിന്റെ അസുഖമുണ്ട്.

ഹുദൂർ: രാവിലെ എഴുന്നേറ്റ് രണ്ടു മൈൽദൂരം ഓടുക. രണ്ടു ഗ്ലാസ് വെള്ളവും കുടിക്കുക.

അപ്പോൾ ആ അറബ് സഹോദരൻ പറഞ്ഞു: ഇന്നലെ ഒരു ഡോക്ടർ എന്നെ പരിശോധിച്ചു. എനിക്ക് പ്രമേഹവും ഉണ്ടെന്ന് പറഞ്ഞു.

ഹുദൂർ: വെള്ളം കുടിക്കുന്നതിലൂടെ പ്രമേഹത്തിനും ആശ്വാസമുണ്ടാകും.

ഒരു അറബ് സ്ത്രീ പറഞ്ഞു: ഞാൻ ബയ്അത്ത് ചെയ്തു മൂന്നു വർഷം കഴിഞ്ഞു. ഞാൻ കുടുംബത്തിലുള്ള ആരോടും പറഞ്ഞില്ല. ഞങ്ങളുടെ വീട്ടിലുള്ളവർ ബയ്അത്ത് ചെയ്തു എന്ന് എന്റെ മാതാവ് പറയുന്നതായി ഞാൻ സ്വപ്നത്തിൽ കണ്ടിരുന്നു.

ഹുദൂർ അൻവർ: അവരോട് മെല്ലെ മെല്ലെ യുക്തിപൂർവം പറയുക. എം ടീ എയുമായി അവരെ ബന്ധിപ്പിക്കുക. അഹ്മദിയ്യത്ത് എന്താണെന്ന് അവരോട് പറയുക. ഇത് അഹ്മദികളുടെ ചാനലാണെന്നും ഇത് നോക്കാനും അവരോട് പറയുക. ഇപ്രകാരം അവർക്ക് അഹ്മദിയ്യത്തിനെ സംബന്ധിച്ച് അറിവ് ലഭിക്കും. ഇതിലേക്ക് ചായുകയും ചെയ്യും. തുടർന്നും മെല്ലെ മെല്ലെ പറഞ്ഞു കൊണ്ടിരിക്കുക.

ഒരു ചോദ്യത്തിനു മറുപടി നല്കിക്കൊണ്ട് ഹുദൂർ പറയുന്നു: നിങ്ങളുടെ പ്രദേശത്ത് അഹ്മദികൾ ഒരു സ്ഥലത്ത് ഒന്നു ചേരുന്നുണ്ടെങ്കിൽ എല്ലാവരും ചേർന്ന് ഒരു വീട്ടിൽ ജമാഅത്തായി നമസ്കരിക്കാവുന്നതാണ്. നിങ്ങളുടെ വീട്ടിലോ അല്ലെങ്കിൽ മറ്റേതെങ്കിലും വീട്ടിൽ സൗകര്യം ഒരുക്കാൻ സാധിക്കുന്ന സ്ഥലത്ത് അങ്ങനെ ചെയ്യുക.

ഒരു അറബ് യുവാവ് പറയുന്നു: ഞാൻ സിറിയൻ സ്വദേശിയാണ്. നോർവെയിൽ നിന്നാണ് വന്നത്. ഞാൻ ഹുദൂറിനെ ആലിംഗനം ചെയ്യുന്നതായി മൂന്ന് പ്രാവശ്യം സ്വപ്നത്തിൽ കണ്ടിരുന്നു.

ഹുദൂർ അൻവർ: വ്യക്തിഗത കൂടിക്കാഴ്ചയിൽ ആഗ്രഹം പൂർത്തീകരിക്കപ്പെടും. തുടർന്ന് ഹുദൂർ പറഞ്ഞു: മടങ്ങിപ്പോകുമ്പോൾ നോക്കാം.

മറ്റൊരു അറബ് സ്നേഹിതൻ അറബികൾക്കു വേണ്ടിയുള്ള ഹുദൂറിന്റെ സേവനങ്ങളേയും എം.ടി. എ-3 അൽ അറബിയ ചാനലിന്റെ ടെലകാസ്റ്റിനെ സംബന്ധിച്ചും സൂചിപ്പിച്ച് അതിനു നന്ദി പറഞ്ഞു.

(തുടരും)

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂ സയീദ് ഖുദ്‌രി(റ) നിവേദനം.**
**നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളിൽ മരണം ആസന്നമാകുന്നവർക്ക് നിങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹ് ചൊല്ലിക്കൊടുക്കുക.'**
**(മുസ്‌ലിം, ഹദീഥ് 453)**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത ജാബിർ(റ)നിവേദനം. അദ്ദേഹം പറഞ്ഞു: 'മരണത്തിനു മൂന്നു ദിവസം മുമ്പേ നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടു: 'അല്ലാഹുവിനെക്കുറിച്ച് സദ്വിചാരത്തോടെയല്ലാതെ നിങ്ങളിലാരും തന്നെ മരണപ്പെടരുത്.'(മുസ്‌ലിം, ഹദീഥ് 455)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family, Ahmadiyya Jama-ath**
**Kakkanad, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 17 December 2020 Issue-51

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) സത്യവും അസത്യവും തീരുമാനിക്കുന്നതിന് ഒരു പദ്ധതി മുന്നോട്ടുവച്ചു. അവിടന്ന് പറഞ്ഞു: 'ഇനി ഞാൻ എന്റെ വാഗ്ദാനമനുസരിച്ച് ഒരു അളവുകോൽ താഴെ പ്രകടിപ്പിക്കാനാഗ്രഹിക്കുകയാണ്. അതിൽനിന്ന് ഈ വിനീതൻ അല്ലാഹുവിൽനിന്ന് സഹായിക്കപ്പെടുന്നവനാണെന്നും ഹദ്റത്ത് ബട്ടാലവി സാഹിബ് ഒന്നാംതരം അസത്യവാനും ദജ്ജാലും അഹങ്കാരികളുടെ നേതാവുമാണെന്നും വെളിവാകുന്നതായിരിക്കും. അത് ഈ പ്രസംഗമാണ്.......യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും യുക്തിജ്ഞാനങ്ങളും അടയാളങ്ങളാണ്. പരിശുദ്ധ മാനസർക്കാണ് അവ നല്കപ്പെടുന്നത്. അവരിൽ മഹത്തായ കൃപയുണ്ടാകും; *ലാ യമസ്സുഹൂ ഇല്ലൽമുത്വഹ്ഹറൂൻ, വമൻയ്യുഅ്ത്തൽ ഹിക്മത്ത ഫഖദ് ഊത്തിയ ഖയ്റൻ കഥീറൻ* എന്നീ വചനങ്ങൾ സാക്ഷ്യം പറയുന്നതുപോലെ. അതിനാൽ ഇതേ അടയാളം മിയാൻ മുഹമ്മദ് ഹുസയ്നെതിരിൽ എന്റെ സത്യവും കളവും പരിശോധിക്കുന്നതിന് വ്യക്തമായ അടയാളമായിരിക്കും. ഇതു തീരുമാനിക്കുന്നതിന് ഉത്തമമായ ഏർപാടു ഇങ്ങനെ ചെയ്യാവുന്നതാണ്;ഒരു ചെറിയ യോഗം സംഘടിപ്പിച്ച് നീതിമാന്മാർ നിശ്ചയിക്കുന്ന കുറച്ചു സൂറത്തുകൾ പ്രസതുതയോഗത്തിൽ അവതരിപ്പിക്കാൻ തിരഞ്ഞെടുക്കുക. പിന്നീട് അവയിൽനിന്ന് ഒരെണ്ണം നറുക്കിട്ടെടുക്കുക. അതിനെഴുതുന്ന വ്യാഖ്യാനം പരീക്ഷയുടെ അളവുകോലായി നിശ്ചയിക്കപ്പെടേണ്ടതാണ്. ആ വ്യാഖ്യാനം എഴുതേണ്ടത് സാഹിത്യസമ്പുഷ്ടവും പ്രാസമൊത്ത വാക്യങ്ങൾ ഉൾക്കൊള്ളുന്നതുമായ അറബി ഭാഷയിലായിരിക്കണം. അത് പത്തുഭാഗങ്ങളിൽ കുറയാൻ പാടില്ല. അതിലെഴുതപ്പെടുന്ന യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും എവിടെനിന്നെങ്കിലും പകർത്തിയെഴുതുന്ന തരത്തിലുള്ളതാകാൻ പാടില്ല. മറിച്ച് മറ്റു ഗ്രന്ഥങ്ങളിലൊന്നും കാണാത്തതും അടിസ്ഥാനപരമായി ഖുർആനികാധ്യാപനത്തിന് വിരുദ്ധമാകാത്തതും പ്രത്യുത അതിന്റെ ശക്തിയും സൗന്ദര്യവും കൂടുതൽ പ്രകടമാകുന്നതുമായ നവമായ ദൈവജ്ഞാനവും അറബിഭാഷയുടെ മാധുര്യവും അതിൽ അടങ്ങിയിരിക്കണം. ഗ്രന്ഥത്തിന്റെ അവസാനം നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് നൂറുവരിയിലുള്ള ഒരു അർച്ചനാഗീതവും അറബി സാഹിതീയ ഭാഷയിൽ രേഖപ്പെടുത്തേണ്ടതാണ്. അത് ഏതു പ്രാസത്തിലായിരിക്കണമെന്ന് ആ യോഗത്തിൽ തീരുമാനിക്കേണ്ടതാണ്. ഈ പ്രൃത്തിക്ക് ഇരുകക്ഷികൾക്കും 40 ദിവസം ഇളവ് നല്കുക. 40 ദിവസത്തിനുശേഷം ഇരുകക്ഷികളും അറബി ഭാഷയിൽ രചിച്ചിട്ടുള്ള അവരവരുടെ ഖുർആൻ വ്യാഖ്യാനവും അർച്ചനാഗീതവും പൊതുയോഗത്തിൽ അവതരിപ്പിക്കുക. പിന്നീട് ഈ വിനീതന് ശെയ്ഖ് മുഹമ്മദു ഹുസയ്ൻ ബട്ടാലവി അവതരിപ്പിച്ചതുപോലുള്ള യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും വിവരിക്കാൻ കഴിഞ്ഞില്ലെങ്കിൽ, അത് നിലവാരം കുറഞ്ഞതാണെങ്കിൽ അല്ലെങ്കിൽ മുഹമ്മദു ഹസയ്ന്റെ രചനയ്ക്കു തുല്യമാണെങ്കിൽ തൽസമയത്തുതന്നെ ഈയുള്ളവൻ എന്റെ പാപം ഏറ്റുപറയുന്നതായിരിക്കും. എന്റെ ഗ്രന്ഥങ്ങളെല്ലാം കത്തിച്ചുകളയുന്നതായിരിക്കും. വിജയം ശെയ്ഖ് മുഹമ്മദു ഹുസയ്നായിരിക്കും. അപ്പോൾത്തന്നെ എന്റെ കഴുത്തിൽ കയറിട്ട് പറയുക,'പെരുങ്കള്ളാ!ദജ്ജാലേ!കറ്റുകെട്ടിപ്പറയുന്നവനേ!ഇന്ന് നിന്റെ അപമാനം വെളിച്ചത്തായിരിക്കുന്നു. നിന്റെ സഹായിയെന്നു പറഞ്ഞവൻ ഇപ്പോൾ എവിടെ? ഇപ്പോൾ നിന്റെ ഇൽഹാം എവിടെ? നിന്റെ മുഅ്ജിസത്തുകളെവിടെ? ഇനി ഈ വിനീതനാണ് വിജയിക്കുന്നതെങ്കിൽ മുഹമ്മദു ഹുസയ്ൻ അതേ സദസ്സിൽ എഴുന്നേറ്റുനിന്ന് ഇപ്പറയുന്ന വാക്കുകളിൽ തൗബ ചെയ്യേണ്ടതാണ്: 'അല്ലയോ ശ്രോതാക്കളേ! സൂര്യനുദിക്കുമ്പോൾ പകലുണ്ടാകുന്നതുപോലെ ഇന്ന് എന്റെ അപമാനം വ്യക്തമായിരിക്കുകയാണ്. ഈയാൾ സത്യത്തിലാണെന്ന് ഇപ്പോൾ സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. ഞാൻ തന്നെയാണ് ദജ്ജാൽ. ഞാൻതന്നെയാകുന്നു പെരുങ്കള്ളൻ. ഞാൻ തന്നെയാകുന്നു കാഫിർ. മതമില്ലാത്തവനും ഞാൻ തന്നെയാകുന്നു. ഇനി ഞാൻ തൗബ ചെയ്തു മടങ്ങുകയാണ്. നിങ്ങളെല്ലാവരും സാക്ഷിയായിരിക്കുക. അതിനുശേഷം അതേ സദസ്സിൽ തന്റെ എല്ലാ ഗ്രന്ഥങ്ങളും കത്തിക്കുക. നിസാരരായ സേവകരെപ്പോലെ പിന്നാലെ വരിക.'(Ibid പേജ് 601–603)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'സാഹിബുമാരേ! അടയാളം കാണിക്കുന്നതിൽ ഞാൻ അസത്യവാനാണെന്ന് തെളിയുകയോ മൈതാനത്തുനിന്ന് ഓടിപ്പോകുകയോ ഒഴികഴിവുകൾ പറഞ്ഞ് കാര്യങ്ങൾ നിഷ്ഫലമാക്കുകയോ ചെയ്താൽ, ഞാൻ പെരുങ്കള്ളനും നിസംശയം ദജ്ജാലുമാണെന്നതിന് നിങ്ങളെല്ലാവരും സാക്ഷികളായിരിക്കുക. അപ്പോൾ ഞാൻ എല്ലാ ശിക്ഷയ്ക്കും അർഹനായിരിക്കും. കാരണം ആ അവസരത്തിൽ എന്റെ എല്ലാ കളവും സ്ഥാപിതമാകുന്നതായിരിക്കും. ദുആ സ്വീകരിക്കാതിരുന്നതും പരസ്യമായി എന്റെ ഇൽഹാം നരർഥമായതും എല്ലാവരിലും വ്യക്തമാകുന്നതായിരിക്കും. പക്ഷേ, മിയാൻ ബട്ടാലവി പരാജയപ്പെട്ടാൽ അദ്ദേഹത്തിന്റെ നിന്ദ്യതയും അപമാനവും അജ്ഞതയും വിഢ്ഢിത്തവും പകൽവെളിച്ചംപോലെ പ്രകടമാകുന്നതായിരിക്കും. ഇനി അദ്ദേഹം ഈ വ്യക്തമായ തീരുമാനത്തെ അംഗീകരിക്കാതിരിക്കുകയും ഓടിപ്പോകുകയും തെറ്റു സമ്മതിക്കാതിരിക്കുകയും ചെയ്താൽ തീർച്ചയായും മനസ്സിലാക്കുക, അദ്ദേഹത്തിന് അല്ലാഹുവിന്റെ കോടതിയിൽനിന്ന് താഴെപ്പറയുന്നു ഉപഹാരം ലഭിക്കുന്നതാണ്

ലഅ്നത്ത്, ലഅ്നത്ത്, ലഅ്നത്ത്, ലഅ്നത്ത്, ലഅ്നത്ത്, ലഅ്നത്ത്, ലഅ്നത്ത്, ലഅ്നത്ത്, ലഅ്നത്ത്, ലഅ്നത്ത്. തിൽക്ക അശ്റത്തുൻ കാമിലത്തുൻ(Ibid പേജ് 604)

മുഹമ്മദുഹുസയ്ൻ ബട്ടാലവി പല തന്ത്രങ്ങളും ഒഴികഴിവുകളും നിരർഥമായ നിബന്ധനകളുംവച്ച് മത്സരത്തിൽനിന്ന് ഓടിക്കളഞ്ഞു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ എല്ലാ തന്ത്രങ്ങളേയും സൂത്രങ്ങളേയും തകർക്കുകയും പൂർണമായ ന്യായപൂർത്തിക്ക് ആരുടെയെങ്കിലും മനസ്സിൽ എന്തെങ്കിലും സംശയമോ സന്ദേഹമോ ഉണ്ടെങ്കിൽ അതും അകലുന്നതിനും കറാമാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥം രചിച്ചു. അതിനു തുല്യമായത് കൊണ്ടുവരുന്നവർക്ക് ആയിരം രൂപ സമ്മാനവും പ്രഖ്യാപിച്ചു. **(മൻസ്വൂർ അഹ്മദ് മസ്റൂർ)**

★★★★

**(പേജ് 1ൽനിന്ന്)**

ഇതെങ്ങനെയുള്ള വാളാണെന്നാൽ ആരാണോ അതിൽ വീഴുന്നത് അവന്റെ തല മുറിക്കപ്പെടുന്നതായിരിക്കും, ആരിലാണ് ഇതു പതിയുന്നത് അവനും വധിക്കപ്പെടുന്നതായിരിക്കും. അല്ലെങ്കിൽ ഇസ്‌ലാമിന്റെ ദാസത്വം സ്വീകരിച്ച് അനശ്വരമായി ജീവിക്കുന്നവനായി മാറും. മുഴുലോകത്തും 13 നൂറ്റാണ്ടായിട്ടും ഇസ്‌ലാം പ്രചരിച്ചിട്ടില്ലെങ്കിൽ അതിനുകാരണം ഈ വാൾ തുരുമ്പ് പിടിച്ചതല്ല. പ്രത്യുത അതിന്റെ വലിയ കാരണം മുസ്‌ലിമീങ്ങൾ ഈ വാൾ പ്രയോഗിക്കുന്നത് ഉപേക്ഷിച്ചതാണ്. ഇന്ന് അല്ലാഹു വീണ്ടും അഹ്മദിയ്യത്തിന് ഖുർആൻ നല്കി എഴുന്നേല്പിച്ചുനിറുത്തി. വീണ്ടും തന്റെ മതത്തെ ലോകത്തിലെ മുഴുവൻ മതത്തിനുമേലും വിജയിപ്പിക്കാൻ തീരുമാനിച്ചു. എന്നാൽ, അജ്ഞരായ ധാരാളം മുസ്‌ലിമീങ്ങൾ അഹ്മദിയ്യത്തിന്റെമേൽ ആക്രമണം നടത്തിക്കൊണ്ട് പറയുന്നത്, അഹ്മദി ജിഹാദിൽ വിശ്വസിക്കുന്നില്ലെന്നാണ്. അവരുടെ ഉദാഹരണം ഏതെങ്കിലും വ്യക്തി കവണയെടുത്ത് കോട്ടയുടെമേൽ ആക്രമണം നടത്തുന്നതുപോലെയാണ്. കവണകൾകൊണ്ട് കോട്ട എപ്പോൾ കീഴടങ്ങാനാണെന്ന് കണ്ടിട്ട് കുറച്ചാളുകൾ പീരങ്കികളുമായി വരുന്നു. എന്നാൽ, കവണ പ്രയോഗിക്കുന്നവൻ അവർക്കു നന്ദി പറയുന്നതിനുപകരം ഇവർ എന്തുകൊണ്ട് കവണകൾ പ്രയോഗിക്കുന്നില്ലെന്ന് പറഞ്ഞ് അവരെ ആക്ഷേപിക്കാൻ തുടങ്ങുന്നു. ഈ അജ്ഞനും തന്റെ അജ്ഞതകൊണ്ട് ഇസ്‌ലാമിനെ ലോകത്തിന്റെ കോണുകളോളമെത്തിച്ച വ്യക്തിയെ ജിഹാദ് നി ഷേധിച്ചവനെന്ന് പറയുന്നു.'(തഫ്സീർ കബീർ വാള്യം 6 പേജ് 513, പ്രസാധനം 2010 ഖാദിയാൻ)




## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

**(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin